# പകലോമറ്റം കുടുംബചരിത്രം

## ചരിത്രപഠനവും പാരമ്പര്യവും

പകലോമറ്റം കുടുംബത്തിന്റെ ചരിത്രമെഴുതുക, ശ്രമസാധ്യമായ കാര്യമാണ്. കാരണം, പകലോമറ്റത്തിന്റെ സമഗ്രമായ ചരിത്രമെഴുതാനുള്ള ശ്രമം ഇതിനു മുമ്പ് നടന്നിട്ടില്ലെന്നതു തന്നെ. ചരിത്രവസ്തുതകൾ കൃത്യമായും ക്രമമായും കുറിച്ചുവയ്ക്കുന്ന രീതി നമുക്കില്ലാതെ പോയതും ചരിത്രരചന ക്ലേശകരമാക്കുന്നു. അതിനാൽ, സഭാചരിത്രരചനകളിൽ നിന്നും മറ്റു ഭൗതിക ചരിത്രഗ്രന്ഥങ്ങളിൽ നിന്നും തലമുറകളായി കൈമാറി വരുന്ന ഐതിഹ്യങ്ങൾ, വായ്മൊഴികൾ എന്നിവയിൽ നിന്നും കിട്ടുന്ന കാര്യങ്ങളെ ആശ്രയിക്കുകയേ നമുക്ക് കരണീയമായിട്ടുള്ളു. പല ഐതീഹ്യങ്ങളുടെയും വായ്മൊഴികളുടെയും വിശദാംശങ്ങൾ കാലക്രമത്തിൽ കൂട്ടിച്ചേർക്കപ്പെട്ടിട്ടുള്ളതാണെന്നത് സുവിദിതമാണ്. അവയെ വിമർശനാത്മകമായി വിലയിരുത്തി അവയുടെ അന്തഃസത്ത കണ്ടെത്തുക എന്നത് ഇന്ന് ചരിത്രപഠനത്തിൽ എത്രയും ആവശ്യമാണ്. അല്ലെങ്കിൽ, ബൗദ്ധികമായ വലിയ തർക്കവിതർക്കങ്ങൾക്ക് അത് കാരണമാകും. ചരിത്രസത്യത്തെത്തന്നെ നിഷേധിക്കുന്നതിനും ഇടയാകും. പല വിമർശനങ്ങൾക്കും നിദാനം, പാരമ്പര്യത്തിലെ പൊരുത്തക്കേടുകൾ തന്നെയാണ്.

കൃത്യമായ ചരിത്രരേഖകളുടെ അഭാവം കാരണം, പല പാരമ്പര്യങ്ങളെയും, തോമ്മാശ്ലീഹായുടെ ഇന്ത്യയിലെ ആഗമനത്തെത്തന്നെയും, സംശയിച്ചിരുന്ന ചരിത്രകാരന്മാരുണ്ട്. എന്നാൽ, ഇവിടെ ഒരു സത്യം ഓർക്കണം. ഇന്ത്യയുടെ പൊതു ചരിത്രത്തിലും കൃത്യമായ രേഖകളുടെ അഭാവം ഉണ്ട്. പാരമ്പര്യത്തെത്തന്നെ ചരിത്രമായി കരുതുന്ന ഒരു പ്രത്യേകതയാണ് ഇന്ത്യയ്ക്കുള്ളത്. അതിനാൽ, ചരിത്രരേഖകളെ മാത്രം ആശ്രയിച്ചാണ് കാര്യങ്ങൾ വിലയിരുത്തേണ്ടത് എന്ന മനോഭാവം ഇവിടെ ശരിയായിരിക്കുകയില്ല. യൂറോപ്യന്മാരുടെ നിർബന്ധം കൊണ്ടാണ് മാർത്തോമ്മാ ക്രിസ്ത്യാനികൾ തങ്ങളുടെ ചരിത്രം ആദ്യം എഴുതിയത്. അന്നവർ എഴുതിയതാകട്ടെ, സമൂഹം പൊതുവിൽ അംഗീകരിച്ചാദരിച്ചു പോന്ന പാരമ്പര്യമായിരുന്നു എന്ന കാര്യം പ്രത്യേകം പ്രസ്താവ്യമാണ് (റ്റി.കെ.വേലുപ്പിള്ള, ട്രാവൻകൂർ സ്റ്റേറ്റ് മാനുവൽ, വാല്യം 1. 653 661)

മാർത്തോമ്മായെക്കുറിച്ചുള്ള പാരമ്പര്യം ഇങ്ങനെ സംഗ്രഹിക്കാം.

വി.തോമ്മാശ്ലീഹാ പന്തക്കുസ്താക്കുശേഷം പാർത്യ, വടക്കേ ഇന്ത്യ എന്നിവിടങ്ങളിൽ സുവിശേഷം പ്രസംഗിക്കുകയുണ്ടായി. അദ്ദേഹം അവിടെ നിന്ന് പ. കന്യാമറിയത്തിന്റെ മരണത്തോടനുബന്ധിച്ച് ജറുസലെമിലെത്തുകയും ചെയ്തു. പിന്നീട്, എ.ഡി. 52-ൽ കൊടുങ്ങല്ലൂർ തുറമുഖത്തെത്തി. കേരളത്തിൽ ഏഴു പ്രധാന ക്രിസ്തീയ സമൂഹങ്ങൾക്ക് അദ്ദേഹം രൂപം നൽകി. അതിനു ശേഷം കിഴക്കേ തീരത്തുള്ള മൈലാപ്പൂരിലേക്ക് പോവുകയും അവിടെ സുവിശേഷം പ്രസംഗിക്കുകയും ഒരു രക്തസാക്ഷിയായി മരിച്ച് സംസ്ക്കരിക്കപ്പെടുകയും ചെയ്തു.

തോമ്മാശ്ലീഹായുടെ കേരളത്തിലെ പ്രേക്ഷിത പ്രവർത്തനത്തിന്റെ വലിയ തെളിവ് ഇന്നും ഇവിടെ സജീവമായി നില്ക്കുന്ന മാർത്തോമ്മാ ക്രിസ്ത്യാനികളുടെ അസ്തിത്വവും അവരുടെ പാരമ്പര്യവുമാണ്. അദ്ദേഹത്തിന്റെ കബറിടം മറ്റൊരു സമൂഹവും അവകാശപ്പെടുന്നില്ല എന്നത് ചിന്തനീയമാണ്. അദ്ദേഹത്തിന്റെ തിരുശേഷിപ്പുകൾ ഉള്ളിടത്തെല്ലാം അത് ഇന്ത്യയിൽ നിന്ന് കൊണ്ടുവന്നതാണെന്ന് സാക്ഷ്യപ്പെടുത്തുന്നു. തോമ്മാശ്ലീഹായുടെ കബറിടം മാർത്തോമ്മാ ക്രിസ്ത്യാനികൾ വസിക്കുന്നിടത്തു നിന്ന് ഏറെ അകലെ സ്ഥിതി ചെയ്യുന്നതും കോരിച്ചൊരിയുന്ന മഴക്കാലത്ത് അവിടുത്തെ മരണത്തിരുന്നാൾ ആഘോഷിക്കുന്നതും ചരിത്ര സത്യത്തെ അരക്കിട്ടുറപ്പിക്കാൻ പോന്ന കാര്യമാണ് (Zaleski, 34)

## തോമ്മാശ്ലീഹാ

നിങ്ങൾ ലോകമെങ്ങും പോയി സകല ജാതികളെയും ശിഷ്യപ്പെടുത്തുവിൻ എന്ന ഈശോമിശിഹായുടെ ആഹ്വാനമനുസരിച്ച് അപ്പസ്തോലന്മാർ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ അവിടുത്തെ സുവിശേഷമറിയിച്ചു. തോമ്മാശ്ലീഹാ ഇന്ത്യയിൽ വന്ന് തന്റെ പ്രേക്ഷിത പ്രവർത്തിയിലൂടെ അനേകരെ ക്രിസ്തുവിന്റെ അനുയായികളാക്കി. അവരെ മാമ്മോദീസാ മുക്കി. തോമ്മാശ്ലീഹായിൽ നിന്ന് ജ്ഞാനസ്നാനമേറ്റവരും അവരുടെ പിൻഗാമികളുംമാർത്തോമ്മാ ക്രിസ്ത്യാനികൾ എന്ന പേരിൽ അറിയപ്പെടുന്നു.

കേരളത്തിലെ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ചരിത്രം തോമ്മാശ്ലീഹായിൽ നിന്നു തുടങ്ങുന്നത് തീർത്തും സംഗതമാണ്. വിശുദ്ധന്റെ ജീവിതത്തിന്റെ ആദ്യകാലഘട്ടം, ബന്ധുജനങ്ങൾ എന്നിവയൊന്നും സുവിശേഷങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയിട്ടില്ല. പാലസ്തീനായിലെ ഗലീലയിൽ നിന്നുള്ള അദ്ദേഹം ഒരു മീൻപിടുത്തക്കാരനായിരുന്നുവെന്ന് സൂചനയുണ്ട്. (യോഹ. 21:1-3) ഇരട്ട പിറന്നവൻ എന്നർത്ഥമുള്ള ദിദിമോസ് (തോമസ്) എന്ന പേരിലാണ് ശ്ലീഹാ അറിയപ്പെടുന്നത് (മത്താ. 10.3, മർക്കോ 3.18, ലൂക്കാ 6.5, അപ്പ. പ്രവ. 1..13) തോമാ (താമ) എന്നത് ഇരട്ടപ്പേരായി കരുതണം. ഇരട്ട എന്നതിന്റെ ഗ്രീക്കു പദമാണ് Didymos. ദിദിമോസ് എന്ന് വിളിക്കപ്പെടുന്ന തോമാ എന്ന് അദ്ദേഹം വിളിക്കപ്പെടുന്നു (യോഹ. 11.6).

യഹൂദപാരമ്പര്യത്തിൽ തോമസ് എന്ന പേര് കാണുന്നില്ല. യൂദാ എന്നായിരിക്കണം, അദ്ദേഹത്തിന്റെ യഥാർത്ഥ നാമം. സുറിയാനി പാരമ്പര്യത്തിലെ ആദ്യകാലകൃതികളിൽ യൂദാതോമാ എന്നാണ് കാണുന്നത്. തോമാ എന്നു വിളിക്കപ്പെടുന്ന യൂദാ. യോഹന്നാൻ 14.18-23-ൽ മറ്റേ യൂദാ എന്നത് Codex syrus siniticus ൽ തോമസ് എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത് (cf.J.N.Farquhar, 37) ആദ്യകാല സുവിശേഷ കയ്യെഴുത്തുകളിലും യൂദാ എന്നു കാണുന്നു. ആദായിയുടെ പ്രബോധനം (ഏ.ഡി. 2000), യൂദാ തോമായുടെ നടപടികൾ (മൂന്നാം നൂറ്റാണ്ട്) എന്നീ അപ്രമാണിക ഗ്രന്ഥങ്ങളിലും യൂദാ തോമ്മാ എന്നും നാം വായിക്കുന്നു. മാർ അപ്രേം, യോഹ. 20.24 ഉദ്ധരിക്കുന്നിടത്ത് യൂദാ തോമാ എന്നെഴുതിയിട്ടുണ്ട് (Farquhar, 38)

കറിയോതുകാരൻ യൂദാ, ഈശോയെ ഒറ്റിക്കൊടുത്തതിനാൽ ആ നാമം അപമാനമായി ആദിമസഭ കണ്ടു. കഴിവതും ആ പേര് ഒഴിവാക്കാൻ ശ്രമിച്ചു. സവിശേഷമായി പാശ്ചാത്യപാരമ്പര്യത്തിൽ യൂദാ എന്ന പേര് ഒഴിവാക്കി, തോമസ് എന്ന് പൊതുവിൽ ഉപയോഗിക്കാനിടയായി.

കർത്താവിന്റെ സഹോദരന്മാർ എന്ന് വി.ഗ്രന്ഥം വിളിക്കുന്നവരിൽ ഒരുവനായി തോമായെ കാണുന്ന ഒരു പാരമ്പര്യമുണ്ട്. ആധുനിക പഠനങ്ങളുമുണ്ട്. മാർട്ടിൻ ഗീലൻ പറയുന്നു. യൗസോപ്പിന്റെ സഹോദരനായ ക്ലേപ്പോസിന്റെ മകളുടെ (മറിയം) മക്കളെയാണ് കർത്താവിന്റെ സഹോദരന്മാർ എന്നു വിളിക്കുക. നസ്രത്തിൽ ഈശോയുടെ കൂടെ വളർന്ന അവർ അവിടുത്തെ സഹോദരങ്ങളായി പരിഗണിക്കപ്പെട്ടു (Gielen). The book of Thomas, the Contender -ലും തോമസിനെ ഈശോയുടെ സഹോദരനായിട്ട് അവതരിപ്പിച്ചിട്ടുണ്ട്. എന്നാൽ, തോമസ് ആ സഹോദരന്മാരിൽ പെടുമോ എന്നത് അവിതർക്കിതമായി പറയാനാവില്ല.

### പ്രവർത്തന നിരതനായ തോമാശ്ലീഹാ

യോഹന്നാന്റെ സുവിശേഷം തോമ്മാശ്ലീഹായ്ക്ക് പ്രാധാന്യം നൽകിയിട്ടുണ്ട്. ഏഷ്യാമൈനറിലെ സഭകളിൽ മാർത്തോമ്മാ സജീവത്തായി നിലനിന്നു എന്നതാണിതിന്റെ അർത്ഥം. "അവനോടു കൂടെ നമുക്കും പോയി മരിക്കാം" എന്ന ധീരപ്രഖ്യാപനവും "എന്റെ കർത്താവേ, എന്റെ ദൈവമേ!" എന്ന വിശ്വാസോദ്ഘോഷണവും തോമ്മാശ്ലീഹായുടേതാണല്ലോ. "നീ എങ്ങോട്ടു പോകുന്നുവെന്ന് ഞങ്ങൾക്കറിഞ്ഞുകൂടാ" എന്ന ശ്ലീഹായുടെ നിഷ്കളങ്ക പ്രസ്താവനയ്ക്കാണ് "ഞാൻ വഴിയും സത്യവും ജീവനുമാകുന്നു" വെന്ന വലിയ പ്രഖ്യാപനവും വെളിപ്പെടുത്തലും ഈശോ നടത്തുന്നത്. ധീരനും സത്യസന്ധനും യുക്തി

ബോധമുള്ളവനുമായ തോമ്മാശ്ലീഹാ ഈശോയുടെ ദൈവത്വം രക്ഷാകരദൗത്യം, വ്യക്തിത്വം എന്നിവയ്ക്ക് സജീവസാക്ഷിയായി നിൽക്കുന്ന ചിത്രമാണിവിടെ അവതരിപ്പിക്കപ്പെടുന്നത് (യോഹ. 11.8, 14; 20: 28). യൂദാസിന്റെ ലേഖനവും ഹെബ്രായർക്കുള്ള ലേഖനവും തോമ്മാശ്ലീഹാ എഴുതിയതാണെന്നു കരുതുന്ന വരുണ്ട് (ഗീലൻ).

മനിക്കേയൻ ചിന്താഗതിയും ജ്ഞാനവാദ ആശയങ്ങളും ഉൾക്കൊള്ളുന്ന മൂന്ന് അപ്പോക്രിഫൽ കൃതികൾ - രണ്ടു സുവിശേഷങ്ങളും ഒരു നടപടിയും - തോമ്മാശ്ലീഹായുടെ പേരിലുണ്ട്. (1945-ൽ ഈജിപ്റ്റിലെ നാഗ് ഹമാദിയിൽ കോപ്റ്റിക്ക് ഭാഷയിൽ എഴുതിയ തോമസിന്റെ സുവിശേഷം കണ്ടെത്തി). തോമസ് അപ്പസ്തോലൻ പ്രവർത്തനശേഷിയിൽ മുൻപന്തിയിലായിരുന്നുവെന്ന് ഈ കൃതികൾ തെളിയിക്കുന്നു. പൂർവ്വദേശത്ത് സഭയുടെ പ്രചാരം ഒറ്റയ്ക്ക് നിർവ്വഹിക്കാൻ പോന്ന ധൈര്യം അദ്ദേഹം പുലർത്തി. യൂഫ്രട്ടീസ് മുതൽ സിന്ധുതീരം വരെ വ്യാപിച്ചു കിടന്ന പാർത്തിയായുടെയും അതിന്റെ കീഴിൽ വരുന്ന മെസപ്പെട്ടോമിയ, പേർഷ്യ, മേദിയ, ഹിർക്കാനിയ, ബാക്ട്രിയ തുടങ്ങിയ സ്ഥലങ്ങളുടെയും ഇന്ത്യയുടെയും സുവിശേഷ പ്രഘോഷണം തോമ്മാശ്ലീഹാ ഒറ്റയ്ക്ക് നടത്തിയെന്നത് ധീരോദാത്തമായ കാര്യമാണ്. ചൈനയിലും സിലോണിലും അവിടുന്ന് പ്രസംഗിച്ചതായി പാരമ്പര്യമുണ്ട്.

'കന്യാമറിയത്തിന്റെ ജീവചരിത്രം' എന്ന അപ്പോക്രീഫൽ ഗ്രന്ഥം തോമ്മാശ്ലീഹാ മറിയത്തിന്റെ കബറടക്കത്തിനുശേഷം മാത്രം ജറുസലേമിൽ എത്തിച്ചേരുന്നതും കബറിടം തുറന്നു കാണാൻ നിർബന്ധം പിടിക്കുന്നതും ശൂന്യമായി കണ്ട കബറിടം മറിയം ഉടലോടെ സ്വർഗ്ഗത്തിലേയ്ക്കെടുക്കപ്പെടുന്നതിനു സാക്ഷ്യമാകുന്നതും എല്ലാം വിവരിക്കുന്നു (പള്ളിയ്ക്കാപറമ്പിൽ, കുറിയാക്കോസ് കത്തനാർ, പ. ദൈവമാതാവായ കന്യാമർത്തമറിയത്തിന്റെ ജീവചരിത്രം, 1982,83)

## ഇന്ത്യയുടെ അപ്പസ്തോലൻ

പ്രധാനമായും ഇന്ത്യയുടെ അപ്പസ്തോലനായിട്ടാണ് തോമ്മാശ്ലീഹാ അറിയപ്പെടുന്നത്. ഇന്ത്യയിലുടനീളം നിരവധി ക്രൈസ്തവ സമൂഹങ്ങൾ അദ്ദേഹം സ്ഥാപിച്ചു. കേരളത്തിലെ മാർത്തോമ ക്രിസ്ത്യാനികൾ അദ്ദേഹത്തിന്റെ പ്രേക്ഷിത പ്രവർത്തനത്തിന്റെ നിലനില്ക്കുന്ന സജീവസാക്ഷ്യമാണ്. ഇവിടെയുണ്ടായിരുന്ന യഹൂദസാന്നിദ്ധ്യം തോമ്മാശ്ലീഹായെ ഇങ്ങോട്ടു നയിച്ചുവെന്നു കരുതുന്നത് ശരിയാണ്. കച്ചവടത്തിനായി വന്നു താമസിച്ചിരുന്ന യഹൂദർ കൊടുങ്ങല്ലൂരും പാലയൂരും അന്നിവിടെ ധാരാളം ഉണ്ടായിരുന്നതായി കണക്കാക്കപ്പെടുന്നു. ബി.സി. 587-ൽ ഒരു കൂട്ടർ കേരളത്തിൽ എത്തി. ഇന്ത്യയും മെഡിറ്ററേനിയൻ പ്രദേശങ്ങളുമായി സോളമൻ രാജാവിന്റെ കാലം മുതൽ വാണിജ്യ ബന്ധമുണ്ടായിരുന്നു. വെള്ളി, സ്വർണ്ണം, ചന്ദനം, നീലം, അരി, രാമച്ചം, മസ്ലിൻ, ശർക്കര, എള്ള്, കുരുമുളക്, മയിൽപ്പീലി, ആനക്കൊമ്പ്, തേക്കിൻതടി, ഏലം, ഇലവർങ്ങം, കുരങ്ങ്, ആന, സുഗന്ധദ്രവ്യങ്ങൾ തുടങ്ങിയവ ഇവിടെ നിന്ന് അലക്സാന്ത്രിയായിലേക്കും മെഡിറ്ററേനിയൻ പ്രദേശങ്ങളിലേക്കും കയറ്റുമതി ചെയ്തിരുന്നു.

തോമ്മാശ്ലീഹാ തന്റെ ഇന്ത്യിലേക്കുള്ള യാത്രയിൽ ആദ്യം എത്തിയത് തക്ഷശിലയിലായിരിക്കണം. എദേസ്സാ, നിസ്സീബീസ്, ഹോർമുസ്, കാണ്ട്ല എന്നിവിടങ്ങളിലൂടെ യാത്ര സാധ്യമായിരുന്നു. ഏതാണ്ട് ഏഴു വർഷത്തോളം അപ്പസ്തോലൻ അവിടെ സുവിശേഷം പ്രസംഗിച്ച് ഒരു ക്രൈസ്തവ സമൂഹത്തിനു രൂപം നൽകിയിരിക്കണം. ഏ.ഡി. 50-നോടടുത്ത് അവിടുന്ന് തിരിച്ച് അലക്സാൺട്രിയായിലേക്കും ജറുസലേമിലേക്കും പോയി. ജറുസലേം കൗൺസിൽ (ഏ.ഡി. 50), മാതാവിന്റെ മരണം എന്നിവ അദ്ദേഹത്തെ ജറുസലേമിലേക്ക് തിരികെപ്പോകാൻ ഇടയാക്കി.

രണ്ടാം യാത്രയിലാണ് കൊടുങ്ങല്ലൂർ എത്തുന്നത്. ചെങ്കടൽ വഴിയോ പേർഷ്യ വഴിയോ ആയിരുന്നു യാത്ര. ഹിപ്പാലസ് ഏ.ഡി. 45-ൽ മൺസൂൺ കാറ്റ് കണ്ടുപിടിച്ചതോടെ ഇന്ത്യയിലേക്കുള്ള കച്ചവടയാത്ര ത്വരിതപ്പെട്ടു. ചെങ്കടൽ തുറമുഖങ്ങളും അറബിക്കടൽത്തീരവും വഴി റോമാസാമ്രാജ്യവുമായി വർദ്ധിച്ച വ്യാപാരബന്ധം വളർന്ന കാലമായിരുന്നു അത്. കച്ചവടയാത്രക്കാരുടെ കൂടെ തോമ്മാശ്ലീഹാ ഇവിടെ

എത്തി എന്നു ചിന്തിക്കുന്നതു യുക്തം.

അന്നത്തെ കേരളത്തിലെ ഏറ്റവും പ്രധാന പട്ടണമായ മുസ്സിരീസിൽ (കൊടുങ്ങല്ലൂർ, മുചിരി) തോമ്മാ ശ്ലീഹാ വന്നിറങ്ങി. കേരളത്തിൽ അദ്ദേഹം പ്രധാനമായും ഏഴു ക്രൈസ്തവ സമൂഹങ്ങൾക്ക് അടിസ്ഥാന മിട്ടു അവ കൊടുങ്ങല്ലൂർ, പാലയൂർ, പറവൂർ, കോക്കമംഗലം, കൊല്ലം, നിരണം, ചായൽ (നിലയ്ക്കൽ) എന്നിവയാണ്. ഇവയെല്ലാം അന്നത്തെ ജനനിബിഡങ്ങളായ വാണിജ്യ കേന്ദ്രങ്ങളായിരുന്നു. കടൽ വഴി അവയെല്ലാം പരസ്പര ബന്ധിതങ്ങളുമായിരുന്നു. മധുരയെയും നിരണത്തെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു കച്ചവട കേന്ദ്രമായിരുന്നു ചായൽ എന്നതാണ് അത് തോമ്മാശ്ലീഹായുടെ പ്രവർത്തനരംഗമാകാൻ കാരണം.

### അപ്പസ്തോലന്റെ രക്തസാക്ഷിത്വം

കേരളത്തിൽ ഏഴു പ്രധാനപ്പെട്ട ക്രൈസ്തവ കേന്ദ്രങ്ങൾ സ്ഥാപിച്ചതിനു ശേഷം തോമ്മാശ്ലീഹാ പൂർവ്വകടൽത്തീരം വഴി മൈലാപ്പൂരിലെത്തി അവിടെ വിശ്വാസം പ്രസംഗിച്ചു. അവിടെ അദ്ദേഹം രക്തസാ ക്ഷിയായി മരിച്ച് സംസ്ക്കരിക്കപ്പെട്ടു. രക്തസാക്ഷിത്വത്തെക്കുറിച്ച് വിഭിന്നങ്ങളായ ഐതിഹ്യങ്ങളുണ്ട്. അവ കാലക്രമേണ രൂപം കൊണ്ടതാണെന്നതാണ് സത്യം. മയിലുകളെ ലക്ഷ്യം വച്ച് അമ്പെയ്ത ഗായിക ളിൽ ഒരാളുടെ അമ്പേറ്റ്, പ്രാർത്ഥനാ നിരതനായിരുന്ന ശ്ലീഹാ മരിച്ചുവെന്നാണ് മാർക്കോപോളോ (1293) രേഖപ്പെടുത്തിയിരിക്കുന്നത്. രക്തസാക്ഷിയായി മരിച്ചുവെന്നതാണ് പ്രധാനമായിട്ടുള്ളത്.

മൈലാപ്പൂർ സ്ഥലം വിവിധ പേരുകളിൽ ചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു. മൈലൂഫ്, മൈലാൽ, കലാമിന, ക്വലിമായ, കലമേനേ, കലാമിനേ, കലാമിനി. തോമ്മാശ്ലീഹാ ചിന്നമലയിൽ വച്ചു മരി ച്ചുവെന്നാണല്ലോ ഐതിഹ്യം. ചിന്നമല സുറിയാനി ഭാഷയിൽ ഗൽമോനോ ആണ്. അത് കലാമിന ആയ താണ് (Medlycott, 87-96)

മറ്റപ്പോസ്തലരുടെ മരണസ്ഥലങ്ങൾ എത്രമാത്രം വിശ്വാസ്യങ്ങളാണോ അത്രയും മൈലാപ്പൂരിലെ തോമ്മാശ്ലീഹായുടെ മരണവും വിശ്വാസിക്കാം (K.E.Job, 10) ഇന്ത്യയുമായി ബന്ധിപ്പിക്കാതെ മാർത്തോ മ്മാശ്ലീഹായെ ചരിത്രകാരന്മാരോ കവികളോ പ്രാർത്ഥനാ ഗ്രന്ഥങ്ങളോ അവതരിപ്പിക്കുന്നില്ല. തോമ്മാ ശ്ലീഹാ രക്തസാക്ഷിയായി മരിച്ച വിവരം ആദ്യകാലം മുതൽ സിറിയ, പേർഷ്യ, ബാബിലോണിയ, ഈജിപ്ത് എന്നീ പശ്ചിമേഷ്യൻ രാജ്യങ്ങളിലും കേരളത്തിലും അറിവുണ്ടായിരുന്നു. ഒരു വ്യാപാരി തോമാശ്ലീഹാ യുടെ തിരുശേഷിപ്പുകൾ എദേസയിലേക്കു കൊണ്ടുപോയി എന്നതാണ് പരമ്പരാഗതമായ വിശ്വാസം.

തോമ്മാശ്ലീഹായുടെ കബറിടത്തിലേക്ക് ധാരാളം തീർത്ഥാടകർ പോകുക പതിവായിരുന്നു. കബറി ടത്തിൽ നിന്ന് ചുവന്ന നിറമുള്ള മണ്ണ് വാരിക്കൊണ്ടുപോയി വെള്ളത്തിൽ കലക്കിക്കുടിച്ച് രോഗശാന്തി നേടിയിരുന്നു.

13-ാം നൂറ്റാണ്ടു വരെ മൈലാപ്പൂരിൽ ഒരു ക്രിസ്തീയ സമൂഹമുണ്ടായിരുന്നു. ഉത്തരേന്ത്യയിൽ നിന്ന് മാലിക്കഫൂറും മറ്റും നടത്തിയ ആക്രമണത്തെ തുടർന്ന് ക്രിസ്ത്യാനികൾ ഓടി രക്ഷപ്പെട്ടു. അവ രിൽ കുറേ പേർ വേണാട്ടു വന്ന് ജീവിച്ചു. പാശ്ചാത്യ സന്ദർശകർ തോമ്മായുടെ കബറിടത്തിൽ മുഹമ്മദീ യരെ കാണാനിടയായത് ആ ആക്രമണത്തിനു ശേഷമാണ്. പോർട്ടുഗീസുകാരുടെ ശ്രമഫലമായിട്ടാണ് പിന്നീട് കബറിടം ക്രിസ്ത്യാനികളുടെ കൈവശം വന്നത്. മാർക്കോപോളോ, മോന്തെകോർവീനോ, ഒഡെ റിക്, ആമ്രേ, മരിഞ്ഞോളി, നിക്കോളോ കോന്തി, ബർബോസാ തുടങ്ങിയ വിദേശീയർ മൈലാപ്പൂർ സന്ദർശി ച്ചിട്ടുള്ളവരാണ്.

### ശ്ലീഹായുടെ തിരുശേഷിപ്പുകൾ

പോർട്ടുഗീസുകാർ 1522-ൽ തോമ്മാശ്ലീഹായുടെ കബറിടത്തിൽ നടത്തിയ ഗവേഷണത്തിന്റെ ഫല മായി കുറെ അസ്ഥികൾ കിട്ടി. അവ ഗോവയിൽ ഒരു വെള്ളിപ്പേടകത്തിലാക്കി സൂക്ഷിച്ചു വച്ചിരിക്കുന്നു.

തോമ്മാശ്ലീഹായുടെ കല്ലറയിലെ ഇഷ്ടികകൾ ഒന്നാം നൂറ്റാണ്ടിലേതാണെന്നും തെളിഞ്ഞിട്ടുണ്ട്.

1547-ൽ ആണ് മൈലാപ്പൂരിൽ ഒരു ദേവാലയം പണിയുന്നതിനുള്ള ശ്രമം നടക്കുന്നത്. സെന്റ് തോമസ് മരിച്ച പെരിയമല ഇന്ന് സെന്റ് തോമസ് മൗണ്ട് എന്നറിയപ്പെടുന്നു.

മൂന്നാം നൂറ്റാണ്ടിൽ എദേസ്സായിലേയ്ക്കു കൊണ്ടുപോയ തോമ്മാശ്ലീഹായുടെ തിരുശ്ശേഷിപ്പ് തുടർന്ന് ഈജിയൻ കടലിലുള്ള കിയോസ് ദ്വീപിലേയ്ക്കും പിന്നീട് ഇറ്റലിയിലെ ഒർത്തോണയിലേയ്ക്കും കൊണ്ടുപോയി. ഒർത്തോണയിൽ നിന്ന് ഈ ഭൗതികാവശിഷ്ടങ്ങളിൽ ഒരു ഭാഗം1952-ൽ കൊടുങ്ങല്ലൂർ ദൈവാലയത്തിൽ കൊണ്ടുവന്നു പ്രതിഷ്ഠിക്കുകയുണ്ടായി. മൂസൽ ദൈവാലയം പൊളിച്ചു പണിതപ്പോൾ ഭിത്തിയിൽ തോമ്മാശ്ലീഹായുടെ തിരുശേഷിപ്പിന്റെ ഒരു പേടകം കണ്ടെത്തിയതിൽ നിന്ന് ഒരസ്ഥി 1965-ൽ ദേവലോകം കാതോലിക്കേറ്റ് അരമന ചാപ്പലിലും 1994-ൽ തിരുശേഷിപ്പിന്റെ ചെറിയൊരു ഭാഗം മുളന്തുരുത്തി മാർത്തോമ്മാ പള്ളിയിലും സ്ഥാപിച്ചിട്ടുള്ള കാര്യവും പ്രത്യേകം പ്രസ്താവ്യമാണ്.

തോമ്മാശ്ലീഹായുടെ മരണത്തിരുന്നാൾ ഇന്ന് ലോകമെമ്പാടും ജൂലൈ മൂന്നിന് ആഘോഷിക്കുന്നു.

## തോമ്മാശ്ലീഹായുടെ ഇന്ത്യയിലെ പ്രേഷിത പ്രവർത്തനം - തെളിവുകൾ

തോമ്മാശ്ലീഹായുടെ ഇന്ത്യയിലെ പ്രേഷിത പ്രവർത്തനം, മരണം എന്നിവയെപ്പറ്റിയുള്ള അനേകം വിദേശസാക്ഷ്യങ്ങൾ ഉണ്ട്. എന്നാൽ, കേരളത്തിന് അതേകുറിച്ചുള്ള പ്രാചീന രേഖകൾ തുലോം വിരളമാണ്.പാശ്ചാത്യ മിഷനറിമാർ ഉദയംപേരൂർ സുന്നഹദോസ് തൊട്ട് രേഖകൾ നശിപ്പിച്ചത് ഒരു കാരണമാകാം. കല്ലിലും ലോഹത്തിലും എഴുതിവെയ്ക്കുന്ന രീതി നമുക്കില്ലാതിരുന്നത് മറ്റൊരു കാരണം. ഇനി എഴുതിയിരുന്ന താളിയോലകൾ നമ്മുടെ കാലാവസ്ഥയിൽ ദീർഘനാൾ നില്ക്കുക സാധ്യവുമായിരുന്നില്ലെന്നത് മൂന്നാമതൊരു കാരണമാണ്.

### സഭാപിതാക്കന്മാരുടെ സാക്ഷ്യങ്ങൾ

പല സഭാപിതാക്കന്മാരും തോമാശ്ലീഹായ്ക്ക് ഇന്ത്യയുമായുള്ള ബന്ധത്തെക്കുറിച്ച് നല്ല അറിവുള്ളവരാണ്.

### 1. വി. അപ്രേം (+ 373)

(കവിയായ വി.അപ്രേം തോമ്മാശ്ലീഹായെപ്പറ്റി പാടിയിട്ടുണ്ട്. 'തോമ്മാശ്ലീഹായുടെ അനുഗൃഹീത ഗമനമായിരുന്ന പ്രഭാതം ഇന്ത്യയുടെ അന്ധകാരത്തെ മാറ്റുന്നു'. 'രാജാക്കന്മാരുടെ രാജാവ് അവിടുത്തെ മണവാട്ടിയായി ഇന്ത്യാദേശത്തെ ഉയർത്തുവാൻ നിയോഗിക്കപ്പെട്ട തോമസ്സേ, നീ ഭാഗ്യവാൻ'. തിരുശേഷിപ്പുകൾ വ്യാപാരി ഇന്ത്യയിൽ നിന്ന് എദേസ്സയിലേക്ക് കൊണ്ടുപോയതിനെപ്പറ്റി എഫ്രേം എഴുതി. 'പല പ്രാവശ്യം ഇന്ത്യയിലേക്കു പോവുകയും തിരിച്ചു വരികയും ചെയ്ത അയാൾ അവിടെ കണ്ടിട്ടുള്ള സകല ദ്രവ്യങ്ങളും അങ്ങേ അസ്ഥിയോടു താരതമ്യപ്പെടുത്തിയപ്പോൾ, വെറും മലിന വസ്തുക്കളായി മാത്രമേ കണ്ടുള്ളു' (Lamy, 694 ff)

### വി. ജറോം (+420)

'മിശിഹാ എല്ലാ ദേശങ്ങളിലും വസിക്കുന്നു, തോമ്മായോടു കൂടെ ഇന്ത്യയിലും പത്രോസിനോടു കൂടെ റോമ്മായിലും.............'ലേഖനം 59, (NPNF2 6. 245)

### 3. ഗ്രിഗറി നസിയാൻസൻ (330-389)

താൻ വിദേശിയനാണെന്ന് കോൺസ്റ്റാന്റിനോപ്പിളിലെ ഗ്രീക്കുകാർ വിമർശിച്ചതിന്, അദ്ദേഹം നൽകിയ മറുപടി ശ്രദ്ധിക്കുക. 'അപ്പസ്തോലന്മാരിൽ ഓരോരുത്തരും അവർ സുവിശേഷം അറിയിച്ച സ്ഥലങ്ങ

ളിൽ അന്യരായിരുന്നില്ലയൊ? പൗലോസ് പുറജാതിക്കാർക്കും തോമസ് ഇന്ത്യയ്ക്കും യോഹന്നാൻ എഫേസൂസിനും മർക്കോസ് ഇറ്റലിക്കും അന്യന്മാരായിരുന്നില്ലയൊ' (പ്രസംഗം 33: 11)

4. **വി. അംബ്രോസ്സ് (+397)**

ഇന്ത്യ തോമ്മാശ്ലീഹായ്ക്ക് സുവിശേഷ പ്രസംഗത്തിന് പ്രവേശനമരുളി എന്നദ്ദേഹം പറഞ്ഞു ((Enarratio in Psalmum, 21:PL 14:1143)

5. **വി. ജോൺ ക്രിസോസ്റ്റം(344-407)**

ഇന്ത്യയിൽ സുവിശേഷമെത്തിയ കാര്യവും തോമ്മാശ്ലീഹായുടെ കബറിടത്തെക്കുറിച്ചുള്ള അറിവും അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട്. (cf. Medlycott, 46-48)

6. **ടൂർസിലെ വി. ഗ്രിഗറി (58-593)**

മാർത്തോമ്മാശ്ലീഹായുടെ കബറിടത്തിങ്കലെ ദേവാലയത്തെയും സന്യാസാശ്രമത്തെയും കുറിച്ച് അറിവുണ്ടായിരുന്നു, ഗ്രിഗറിക്ക് (ScriptoresRerum Merovingicaru, Arndt & Krusch II, 507-508)

**ആരാധനക്രമങ്ങളിലെ സാക്ഷ്യങ്ങൾ**

വിവിധ സഭകളിലെ പ്രാർത്ഥനകൾ തോമ്മാശ്ലീഹായുടെ ഇന്ത്യയിലെ പ്രേഷിത പ്രവർത്തനത്തെയും രക്തസാക്ഷിത്വത്തെയും ഏറ്റുപറയുന്നു.

1. **ലത്തീൻ പാരമ്പര്യം**

ജറോമിന്റെ രക്തസാക്ഷി വിവരണവും (Martyrologium Hieronymianum) വാഴ്ത്തപ്പെട്ട ബീഡിന്റെ (673-735) രക്തസാക്ഷി വിവരണവും റോമൻ മാർട്ടിരിയോളജിയും ഡിസംബർ 21-ന് വി. തോമ്മാശ്ലീഹായുടെ ഇന്ത്യയിലെ മരണവും ജൂലൈ 3-ന് തിരുശേഷിപ്പുകൾ എദേസ്സായിലേക്ക് കൊണ്ടുപോയതും എടുത്തു പറയുന്നു (Medlycott, 59-65).

2. **പൗരസ്ത്യ സുറിയാനി പാരമ്പര്യം**

ജൂലൈ 3-ന് ദുക്റാന തിരുനാൾ ആഘോഷിക്കുന്നു. അന്നത്തെ പ്രാർത്ഥനയിൽ വി.തോമ്മാശ്ലീഹാ ഇന്ത്യയിൽ വിശ്വാസം പ്രസംഗിച്ച കാര്യം പ്രത്യേകം ഏറ്റുപറയുന്നു (cf.Medlycott 1, Bernard 159, Koodapuzha 63, Nagachiveettil, 285, A.J.Maclean, the Catholicos of the East and his people, London 1892, 350)

3. **ബൈസന്റയിൻ ആരാധനക്രമം**

മെനോലോഗിയോൻ, സിനക്സാറിയോൻ എന്നീ ഗ്രന്ഥങ്ങളിൽ ശ്ലീഹായുടെ രക്തസാക്ഷിത്വം ഒക്ടോബർ 6-ന് ആഘോഷിക്കുന്നു. എത്യോപ്യൻ കലണ്ടറും തോമ്മാശ്ലീഹായുടെ തിരുനാൾ ഒക്ടോബർ 6-ന് ആണ് ആഘോഷിക്കുന്നത്. രണ്ടിടത്തും ഇന്ത്യയിലെ ശ്ലീഹായുടെ പ്രേഷിത പ്രവർത്തനം ഉറപ്പിച്ചു പറയുന്നു (Medlycott, 65-68).

4. **അന്ത്യോക്യൻ ആരാധനാക്രമം**

ഇവിടെയും തോമ്മാശ്ലീഹായെ ഇന്ത്യയുമായി ബന്ധിപ്പിച്ചാണ് അവതരിപ്പിച്ചിട്ടുള്ളത് പ്രതിദിന നമസ്കാരം, തിരവല്ല(1982) 177, ബർണാദ്, 158).

5. മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ദുക്റാന, മറ്റൊരു സഭയിലുമില്ലാത്ത ആചാരങ്ങളോടെ, എട്ടു ദിവസത്തെ പ്രാർത്ഥനകളോടെ, ഇവിടെ ആചരിച്ചു പോന്നിരുന്നത് തോമ്മാശ്ലീഹായ്ക്ക് ഈ പ്രദേശത്തോടുള്ള ബന്ധത്തിന്റെ പേരിലാണ് "ഞങ്ങളുടെ പിതാവായ മാർത്തോമ്മായേ" എന്ന് പ്രാർത്ഥനകളിൽ

സംബോധന ചെയ്യുന്നു. വി.കുർബ്ബാനയിൽ അദ്ദേഹം പ്രത്യേകം അനുസ്മരിക്കപ്പെടുന്നു.

## പ്രാചീനരേഖകൾ

**1. ആദായിയുടെ പ്രബോധനം.** മൂന്നാം നൂറ്റാണ്ടിൽ വിരചിതമായ ഒരു അപ്പോക്രിഫൽ രേഖയാണിത്. സഭയുടെ നടപടിക്രമങ്ങൾ വിവരിക്കുന്നു, തോമ്മാശ്ലീഹായുടെ ഇന്ത്യയിലെ പ്രേഷിത പ്രവർത്തനവും മരണവും ഇതിൽ ചർച്ച ചെയ്യുന്നുണ്ട്.

### 2. തോമ്മായുടെ നടപടികൽ

ഈ ഗ്രന്ഥം രണ്ടാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ എഴുതപ്പെട്ടതായി കണക്കാക്കപ്പെടുന്നു. ലെജണ്ടറി സ്വഭാവമുള്ള ഈ ഗ്രന്ഥം ചരിത്രത്തോടു ബന്ധപ്പെട്ട വ്യക്തികൾ, രാജ്യങ്ങൾ, പട്ടണങ്ങൾ എന്നിവ അവതരിപ്പിക്കുന്നതായി ഇന്ന് തെളിയിക്കപ്പെട്ടിരിക്കുന്നതിനാൽ അതിന് പ്രാധാന്യം വർദ്ധിച്ചിട്ടുണ്ട്. ഹോണ്ടഫറസ് രാജാവ് ഏ.ഡി.50 ന് മുമ്പ് തക്ഷശിലയിൽ ഭരണം നടത്തിയിരുന്നതായി ഇന്ന് പുരാവസ്തു ഗവേഷണം തെളിയിക്കുന്നു. ഇന്ത്യയും മധ്യപൗരസ്ത്യദേശങ്ങളും മദ്ധ്യ ഏഷ്യയും തമ്മിലുള്ള കച്ചവട മാർഗ്ഗങ്ങളിലെ പ്രധാന കേന്ദ്രമായിരുന്നു തക്ഷശിലയെന്നും തെളിഞ്ഞിരിക്കുന്നു. തക്ഷശിലയിൽ നിന്ന് കുരിശുരൂപം കൊത്തിയ കൽപലകകളും, പ്രതിമകളും പുരാവസ്തു ഗവേഷകർ കണ്ടെത്തിയിരിക്കുന്നതും ഒരു കാലത്ത് അവിടെ ക്രൈസ്തവർ ഉണ്ടായിരുന്നുവെന്ന് തെളിയുന്നു. ഏകദേശം ഏ.ഡി. 40-ൽ തോമ്മാശ്ലീഹാ എഴുതിയിട്ടുള്ള കത്തുകൾ വായിച്ച് അതിന്റെ പശ്ചാത്തലത്തിൽ തോമ്മായുടെ നടപടികൾ വിരചിതമായി എന്ന് കരുതുന്നു.

ആദായിയുടെ പ്രബോധനത്തിൽ ശ്ലീഹാ കത്തുകൾ എഴുതിയിരുന്നുവെന്ന് വ്യക്തമായി സൂചിപ്പിച്ചിട്ടുമുണ്ട്. തോമ്മാശ്ലീഹായുടെ സുവിശേഷപ്രവർത്തനങ്ങൾ, അതോടനുബന്ധിച്ചുള്ള അത്ഭുത പ്രവർത്തനങ്ങൾ, അദ്ദേഹത്തിന്റെ രക്തസാക്ഷിത്വം തുടങ്ങിയ കാര്യങ്ങളാണ് തോമ്മായുടെ നടപടികൾ അവതരിപ്പിക്കുന്നത്. മനിക്കേയൻ ചിന്താഗതിയും ജ്ഞാനവാദ ആശയങ്ങളും ഉൾക്കൊള്ളുന്ന ഒരു ഗ്രന്ഥമാണിത് മാർത്തോമ്മാ ക്രിസ്ത്യാനികളുടെ പാരമ്പര്യങ്ങളുമായി ഒത്തുപോകുന്ന നിരവധി സംഭവങ്ങളും ഗ്രന്ഥത്തിലുണ്ട്. കേരളത്തിനുള്ളിലും വെളിയിലും തോമ്മാശ്ലീഹായെക്കുറിച്ച് പൊതുവിൽ ഉള്ള ഒരു പാരമ്പര്യത്തിലേക്ക് ഇത് വിരൽ ചൂണ്ടുന്നു. എന്നാൽ, ഇവ വെറും കോപ്പിയല്ല. സ്ഥലകാലങ്ങൾക്കനുസരിച്ച് അവയുടെ അവതരണത്തിൽ വ്യത്യാസം ദൃശ്യമാണ്.

**3. തോമ്മായുടെ രക്തസാക്ഷിത്വ വിവരണം**

ആറാം നൂറ്റാണ്ടിൽ വിരചിതമായ ഈ ഗ്രന്ഥത്തിൽ തോമ്മാശ്ലീഹായുടെ മരണം ഇന്ത്യയിൽ വെച്ചാണെന്ന് രേഖപ്പെടുത്തിയിരിക്കുന്നു (Passio Thomae, Medlycott, 101).

**4. പന്ത്രണ്ടു ശ്ലീഹന്മാരുടെ സുവിശേഷം** (എബിയോണീത്തരുടെ സുവിശേഷം) എന്ന ഗ്രന്ഥവും തോമ്മാശ്ലീഹായെക്കുറിച്ച് പരാമർശിക്കുന്നതാണ്.

## മാർത്തോമാ ക്രിസ്ത്യാനികളുടെ വിശ്വാസം

തോമ്മാശ്ലീഹായുടെ ഇന്ത്യയിലെ പ്രേഷിതത്ത്വത്തിന്റെ ഏറ്റവും ശക്തമായ തെളിവ് ഇവിടുത്തെ ക്രിസ്തീയ സമൂഹത്തിന്റെ സജീവ സാക്ഷ്യവും വിശ്വാസവും തന്നെയാണ്. മാർത്തോമ്മാ ക്രിസ്ത്യാനികൾ എന്ന പേരിലാണ് അവർ അറിയപ്പെടുക. മാർത്തോമ്മാ ശ്ലീഹായിൽ നിന്ന് വിശ്വാസം സ്വീകരിച്ചവരാണ് തങ്ങളുടെ പൂർവ്വികർ എന്ന് അവർ അഭിമാനപൂർവ്വം ഏറ്റുപറയുന്നു. ശ്ലീഹാ ഇവിടെ വന്നിറങ്ങിയ സ്ഥലം, സ്ഥാപിച്ച സമൂഹങ്ങൾ, പ്രാർത്ഥിച്ച മലകൾ, മരിച്ച് കബറടക്കപ്പെട്ട സ്ഥലം എന്നിവയെല്ലാം

കൃത്യമായി അവർ ചൂണ്ടിക്കാട്ടും.

ശ്ലീഹാ പൗരോഹിത്യ പദവി നല്കിയ പകലോമറ്റം കുടുംബാംഗങ്ങൾ ഇന്നും നിലനിൽക്കുന്നു.

മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ഈ പാരമ്പര്യം തലമുറകളിലേക്ക് കൈമാറിപ്പോരുന്നത് പാട്ടുകളിലൂടെയാണ്. സമൂഹ മനസ്സാക്ഷി ഉണർത്തുവാൻ ഈ ഗാനങ്ങൾ ആഘോഷാവസരങ്ങളിൽ പാടിപ്പോന്നു. ലിഖിതരൂപം അവയ്ക്കു ലഭിച്ചത് ഏറെ വൈകിയാണെങ്കിലും ഈ പാട്ടുകളുടെ പുരാതനത്വം നിഷേധിക്കാനാവില്ല. ഈ പാട്ടുകളിൽ പ്രധാനങ്ങളാണ്.

1. **തോമാപർവ്വം** (റമ്പാൻ പാട്ട്) 1601-ൽ ലിഖിത രൂപം കൊണ്ട ഈ പാട്ട് മാർത്തോമ്മാ ശ്ലീഹായുടെ ഇന്ത്യയിലേക്കുള്ള ആഗമനം, ഇന്ത്യയിലെ സുവിശേഷ വേല, മരണം എന്നിവ പ്രതിപാദിക്കുന്നു. ഈ പാട്ടിന്റെ പൂർണ്ണരൂപം, ബർണ്ണാദിന്റെ മാർത്തോമ്മാ ക്രിസ്ത്യാനികൾ എന്ന ഗ്രന്ഥത്തിൽ കാണാം (1916, 62 –79).

2. **മാർഗ്ഗം കളിപ്പാട്ട്.** ശ്ലീഹായുടെ ജിവചരിത്രവും റമ്പാൻ പാട്ടിൽ കാണുന്ന വിവരങ്ങളുടെ സ്വതന്ത്രാവതരണവുമാണ് ഇതിന്റെ ഉള്ളടക്കം (മാടശ്ശേരി, നമ്മുടെ പാട്ടുകൾ,1968, 37–55).

3. **വീരടിയാൻ പാട്ട്** (പാണപ്പാട്ട്) ഈ പാട്ടിൽ തോമ്മാശ്ലീഹായുടെ സുവിശേഷ പ്രചരണം, ക്നായി ത്തോമ്മായുടെ ആഗമനം, ചേരമാൻ പെരുമാളിൽ നിന്നു ക്രിസ്ത്യാനികൾക്കു കിട്ടിയ സ്ഥാനങ്ങൾ എന്നിവ ആവിഷ്ക്കരിക്കുന്നു (കൂടപ്പുഴ, ഭാരത സഭാചരിത്രം, 93–94).

### വിദേശ സന്ദർശനങ്ങൾ

തിരുവള്ളുവരുടെ തിരുക്കുറൾ ക്രൈസ്തവാശയങ്ങളുടെ സ്വാധീനം ധാരാളമുള്ള ഒരു കൃതിയായി കണക്കാക്കപ്പെട്ടിട്ടുണ്ട്. ഇവിടെ ക്രിസ്തുമതം വളരുന്നതിന് ബുദ്ധജൈനമതങ്ങളോടുള്ള അതിന്റെ സാധർമ്മ്യം കാരണമായിട്ടുണ്ട്. തോമ്മാശ്ലീഹായുടെ ജീവിത പ്രത്യേകതകളും അത്ഭുത സിദ്ധികളും അതിന് ശക്തി നൽകുകയും ചെയ്തു. (T.K.Joseph, Malabar Christians...).എന്നാൽ, പതുക്കെ ഈ സ്വാധീനം കുറഞ്ഞുപോയിരിക്കാം. അക്കാലത്തെ സംഘം കൃതികളിൽ ക്രൈസ്തവസഭയെക്കുറിച്ച് ഒരു സൂചന പോലുമില്ല. അന്നത്തെ രാജാക്കന്മാരും പണ്ഡിതരും ക്രിസ്ത്യാനികളോട് ഒരു സമ്മർദ്ദതന്ത്രം പ്രയോഗിച്ചിരുന്നോ എന്നും സംശയിക്കണം. എ.ഡി.190-ൽ ഇവിടുത്തെ മതപണ്ഡിതരോടു തർക്കിക്കാൻ വന്ന പന്തേനൂസ് എന്ന അലക്സാണ്ട്രിയൻ പണ്ഡിതൻ സൂചിപ്പിക്കുന്നത് അതാണ്. പണ്ഡിതന്മാർ രാജധാനിയിൽ വച്ച് തർക്കിക്കുകയും പരാജയപ്പെടുന്നവർ വിജയികളുടെ മതം സ്വീകരിക്കുകയും ചെയ്യുക അന്നു പതിവായിരുന്നു (കേരളോല്പത്തി, Kerala Society Papers Series III, 145-50). പരാജയപ്പെട്ട ക്രിസ്ത്യാനികൾ പന്തേനൂസിനെ കൊണ്ടുവരികയും അദ്ദേഹം ഇവിടുത്തെ ബ്രാഹ്മണരെയും തത്വജ്ഞാനികളെയും തർക്കിച്ചു തോല്പിക്കുകയും ചെയ്തു. (എവുസേബിയൂസ്, സഭാചരിത്രം 5,10,2–3; ജറോം, ലേഖനം 70, Hough, J., History of Christianity in India,50-51).

എഡി 295-ൽ കേരള സഭയുടെ അഭ്യർത്ഥനയനുസരിച്ച് പേർഷ്യൻ കാതോലിക്കോസായിരുന്ന പാപ്പാ, ദാവൂദ് എന്ന പേരുള്ള ഒരു മെത്രാനെ ഇന്ത്യയിലേക്ക് അയച്ചുവെന്ന് chronique da seeret historia Nestorians(p.236) -ൽ കാണുന്നു.

325-ൽ നിഖ്യായിൽ നടന്ന സുനഹദോസിൽ പേർഷ്യയുടെയും വലിയ ഇന്ത്യയുടെയും മെത്രാപോലീത്താ എന്ന നിലയിൽ മാർ യോഹന്നാൻ സംബന്ധിച്ചുവെന്നും ഇന്ത്യൻ സഭ പേർഷ്യൻ സഭയുമായി ബന്ധത്തിലായിരുന്നുവെന്നും തെളിയുന്നു. (ജലാസിയൂസ്, സഭാചരിത്രം, 2:17). ക്നായിത്തോമ്മായുടെ വരവോടുകൂടി പുതിയ ഭരണക്രമവും നേതൃത്വവും ഭാരത സഭയ്ക്ക് ലഭിക്കുന്നു (German, W., Die Kirche der Thomaschristen, 1877, 94).

കേരളത്തിൽ ക്രിസ്ത്യാനികളുണ്ടെന്നും അവർക്ക് പേർഷ്യയുമായി ബന്ധമുണ്ടെന്നും തെളിയുന്ന ഒരു കൃതിയാണ് കോസ്മസ് ഇൻഡിക്കപ്ലസ്തൂസിന്റെ Christian Topography. അദ്ദേഹം ഏ.ഡി. 520-25 -ൽ കേരളം സന്ദർശിച്ചു. ഇന്ത്യൻ കടലിൽ തപ്രോബനി (സിലോൺ ആകാം. താമ്രപർണ്ണി എന്ന് അശോകന്റെ ശിലാശാസനത്തിൽ പറയുന്നു). എന്ന ദ്വീപിലും കല്യാണയിലും പേർഷ്യയിൽ വാഴിക്കപ്പെട്ട മെത്രാന്മാരും ക്രിസ്ത്യാനികളും ഉണ്ട്. കുരുമുളകു വിളയുന്ന മാലെനാട്ടിൽ ക്രിസ്ത്യാനികളും സഭാനായകന്മാരും ഉണ്ട്. ദിയസ്കോറസ് എന്ന ദ്വീപിൽ പേർഷ്യയിൽ നിന്നു പട്ടംകൊടുത്ത് അയയ്ക്കപ്പെട്ട വൈദികർ ഉണ്ട്. മാലെ കേരളം തന്നെ. അത് കേരളം മുഴുവനോ അതിന്റെ ഒരു ഭാഗമോ എന്നറിയില്ല. കല്യാൺ കൊണ്ട് എന്ത് വിവക്ഷിക്കുന്നുവെന്നും വ്യക്തമല്ല. ബോംബെയ്ക്കടുത്തുള്ള കല്യാണും മംഗലാപുരത്തെ കലിയപുരും, കോഴിക്കോട്ടും കൊല്ലവുമൊക്കെ അർത്ഥമാക്കാം.

മാർക്കോപോളോയുടെ സഞ്ചാരരേഖകൾ ഇന്ത്യയിലെ ആദിമസഭയെപ്പറ്റി പറയുന്നുണ്ട്. തെർത്തുല്ല്യൻ തയ്യാറാക്കിയ ക്രിസ്തീയ സമൂഹങ്ങളുടെ കൂട്ടത്തിൽ ഇന്ത്യയിലെ സഭയും ഉൾക്കൊള്ളുന്നുണ്ട്. ജറുസലേം നാശത്തെ തുടർന്ന് ഏ.ഡി. 68-ൽ കൊടുങ്ങല്ലൂർ വന്നിറങ്ങിയ യൂദന്മാർ പരമ്പരയാ സൂക്ഷിച്ചുവരുന്ന വിവരണങ്ങളിൽ അവരിവിടെ വന്നപ്പോൾ കൊടുങ്ങല്ലൂരിൽ ക്രിസ്ത്യാനികളുണ്ടായിരുന്നുവെന്ന വിവരണവും ഉണ്ട് (ശ്രീധരമേനോൻ, 34, ജെ.കെ. വേലുപിള്ള, ട്രാവൻകൂർ സ്റ്റേറ്റ്സ് മാനുവൽ, 655)

ഈ തെളിവുകളെല്ലാം തോമാശ്ലീഹായുടെ ഇന്ത്യയിലെ പ്രേഷിതപ്രവർത്തനത്തെയും മരണത്തെയും സമർത്ഥിക്കാൻ പോന്നവയാണ്. ജെ.എസ്, അസേമനി, റൗളിൻ, മെഡലിക്കോട്ട്, മിങ്ഗാന, വിൻസെന്റ് സ്മിത്ത്, എഡ്ഗർ തെഴ്സറ്റൻ, കേണൽ യൂൾ, കാർഡിനൽ ടിസ്സറാന്റ് തുടങ്ങിയ ചരിത്രകാരന്മാർ തോമാശ്ലീഹായുടെ ഇന്ത്യയിലെ പ്രേക്ഷിതപ്രവർത്തനത്തെയും മരണത്തെയും അംഗീകരിക്കുന്നവരാണ്.

### പേർഷ്യൻ ബന്ധം

കൃത്യമായി എന്നു മുതലെന്ന് പറയാൻ കഴിയുന്നില്ലെങ്കിലും ഇന്ത്യയിലെ സഭ പേർഷ്യാസാമ്രാജ്യത്തിലെ സഭയുമായി ബന്ധപ്പെട്ടുവെന്നത് ഒരു ചരിത്രയാഥാർത്ഥ്യമാണ്. തോമ്മാശ്ലീഹായുമായുള്ള ബന്ധം ഇതിനു സഹായകമായി. പൊതു അപ്പസ്തോലിക പാരമ്പര്യവും ക്രിസ്താനുഭവവുമാണ് ഇതിനു പ്രേരകമായത്. എദ്ദേസ്സായിലെ സഭ തോമ്മാശ്ലീഹായുടെ ശിഷ്യനായ ആദ്ദായിയും സെലൂഷ്യ-സ്റ്റെസിഫോണിലെ സഭ അദായിയുടെ ശിഷ്യനായ മാറിയും സ്ഥാപിച്ചുവെന്നാണ് വിശ്വാസം. പേർഷ്യയിൽ തോമ്മാശ്ലീഹാ തന്നെയാണ് വിശ്വാസം പ്രസംഗിച്ചത്. ഈശോ സംസാരിച്ച അറമായ ഭാഷ ഈ നാലു സഭകളിലും ആരാധന ഭാഷയായതിന്റെ പിന്നിലും ഈ ബന്ധമാണ് ഉള്ളത്. ഈ സഭകൾ തമ്മിൽ വളർന്നുവന്ന വാണിജ്യബന്ധങ്ങളും വാണിജ്യഭാഷയായ അറമായും ഈ ബന്ധത്തെ ഉറപ്പിക്കാനും ഇടയായി.

ആദ്യം ഫാർസുമായിട്ടായിരുന്നു, നമുക്ക് ബന്ധം. 7-ാം നൂറ്റാണ്ടു മുതൽ സെലൂഷ്യായുടെ കീഴിൽ വന്നതിനെക്കുറിച്ച് സൂചനയുണ്ട്. ഇശോയാബ് മൂന്നാമൻ (650-660) ഇവിടെ മെത്രാന്മാർ ഇല്ലാത്ത സാഹചര്യത്തെക്കുറിച്ച് പറയുന്നുണ്ട് (മുണ്ടാടൻ, History II 100-101), സ്ലീബാസേയുടെ പാത്രിയാർക്കീസ് (714 -728) ഇന്ത്യയിലെ സഭയ്ക്ക് മെത്രാപ്പോലീത്താ സ്ഥാനം നൽകുന്നു.(Poripara, The Thomas Christian, 65) തിമോത്തി പാത്രിയാർക്കീസ് ഇന്ത്യയിലെ സഭയെ നേരിട്ട് തന്റെ കീഴിലാക്കി (778-823).പോർട്ടുഗീസുകാരുടെ വരവിനു മുൻപും അതിനു ശേഷവും 1558 വരെ ഇവിടെ പൗരസ്ത്യ സുറിയാനി മെത്രാന്മാരാണ് വന്നിരുന്നതും ആത്മീയ കാര്യങ്ങൾ നിർവ്വഹിച്ചിരുന്നതും. അവസാനത്തെ പൗരസ്ത്യ മെത്രാൻ മാർ അബ്രഹാമായിരുന്നു. 1597-ൽ അദ്ദേഹം ദിവംഗതനായി. ഈ മെത്രാന്മാരെല്ലാം ഇവിടെ ഭരണം നടത്തിയിരുന്നത്, പകലോമറ്റം കുടുംബത്തിലെ അർക്കദിയാക്കോന്മാർ വഴിയാണ്.

മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ഇടയിൽ കാണുന്ന പല ആചാരങ്ങളും പേർഷ്യൻ ബന്ധത്തിലൂടെയും യഹൂദസ്വാധീനത്തിലൂടെയും വന്നിട്ടുള്ളതാണെന്ന് കാണാം. മാർത്തോമ്മാ ക്രിസ്ത്യാനികളുടെ

ഇടയിൽ കാണുന്ന ബൈബിളധിഷ്ഠിത നാമങ്ങളും പ്രസവശേഷം സ്ത്രീ അശുദ്ധയാണെന്ന വിശ്വാസവും ശിരസ്സ് പടിഞ്ഞാറുവശത്ത് വരത്തക്കവണ്ണം മരിച്ചവരെ സംസ്ക്കരിക്കുന്നതും പെസപാചരണ രീതികളുമെല്ലാം ഇതിനുദാഹരണങ്ങളാണ്.

### പാലയൂർ

തോമ്മാശ്ലീഹായുടെ ഭാരത പ്രലേശനകാലത്തെയും അതിനുശേഷമുള്ള ആദിമ നൂറ്റാണ്ടിലെയും കേരളത്തിന്റെ ചിത്രവും ആദിമസഭയെക്കുറിച്ച് നമുക്കറിയാവുന്ന കാര്യവും സംക്ഷിപ്തമായി രേഖപ്പെടുത്തുക ഇവിടെ ഉപകാരപ്രദമാണ്. അന്ന് കേരളം ചേരരാജ്യമായിരുന്നു. ബുദ്ധമതവും ജൈനമതവും ആറാം നൂറ്റാണ്ടിനു മുമ്പ് ഇവിടെ ശക്തിപ്പെട്ടിരുന്നു. ആളുകൾ ഭൂരിഭാഗവും ദ്രാവിഡരായിരുന്നു. ദ്രാവിഡഭാഷയായിരുന്നു പ്രചാരത്തിലുണ്ടായിരുന്നത്. ബ്രാഹ്മണർ ആരും അന്ന് കേരളത്തിലുണ്ടായിരുന്നില്ല എന്ന ഇന്നത്തെ ചരിത്രകാരന്മാരുടെ അഭിപ്രായം പൂർണ്ണമായി അംഗീകരിക്കാനാവില്ല. എട്ടാം നൂറ്റാണ്ടോടുകൂടിയാണ് ബ്രാഹ്മണമേധാവിത്വം ഇവിടെ നിലവിൽ വന്നതെന്നത് ശരി. ആര്യൻ വംശജരായ വടക്കേ ഇന്ത്യൻ ജനത മതപരവും വ്യാപാരപരവുമായ ആവശ്യങ്ങൾക്കായി ആദിമനൂറ്റാണ്ടു മുതൽ ഇങ്ങോട്ടു കടന്നുവരുവാനും ഇവിടെ താമസമുറപ്പിക്കാനുമുള്ള സാധ്യത തള്ളിക്കളയാനാവില്ല. വലിയ വ്യാപാരകേന്ദ്രമായിരുന്ന കേരളത്തിലേക്ക് വടക്കേ ഇന്ത്യാക്കാർ കടന്നുവരാനും ഇവിടെ താമസിക്കാനും ഇടയാവുക സ്വാഭാവികം മാത്രം (ശ്രീധരമേനോൻ, എ.കേരളചരിത്രം 128-129, ഗോപാലകൃഷ്ണൻ പി.കെ.കേരളത്തിന്റെ സാംസ്ക്കാരിക ചരിത്രം, 29).

കേരളവുമായി ബന്ധമുണ്ടായിരുന്ന മെസപ്പെട്ടോമിയൻ കൽദായ ഭാഷയിൽ ഇന്ത്യയിലെ മതത്തെ സൂചിപ്പിക്കാൻ ബ്രാഹ്മണർ എന്ന ഒരൊറ്റ പദമേ ഉണ്ടായിരുന്നുവെന്നത് ഗൗരവമായിട്ടെടുക്കേണ്ട കാര്യമാണ്. വേദങ്ങൾ, വേദാനുസൃത കർമ്മങ്ങൾ, കലകൾ, വേദപണ്ഡിതർ എന്നിവയെക്കുറിച്ചുള്ള സൂചനകൾ സംഘം കൃതികളിൽ കാണുന്നതിൽ നിന്നും കേരളത്തിൽ ബ്രാഹ്മണർ ഉണ്ടായിരുന്നുവെന്നതിനു സൂചനയാവുകയാണ്.

പാലയൂർ തോമ്മാശ്ലീഹാ ബ്രാഹ്മണരെ (അവരെക്കുറിച്ച് മറ്റുള്ളവർ പറയുന്ന പേരാണ് നമ്പൂതിരമാർ) മാനസാന്തരപ്പെടുത്തിയെന്ന പാരമ്പര്യത്തിന്റെ അടിസ്ഥാനം ഇതാണ്. ബ്രാഹ്മണർ അധിവസിച്ചിരുന്ന ഒരു സ്ഥലമായിരുന്നു അവിടം. പ്ലീനി പറയുന്ന " പാലൂറയും " "ബ്രഹ്മഗറ"യും യഥാക്രമം പാലയൂരും ബ്രഹ്മകുളവുമാണെന്ന് കണക്കാക്കപ്പെടുന്നു. പാലൂർ, പാലൈയൂർ എന്നും  പാലയൂരിന് പേരുകളുണ്ട്. പാലയൂർ, കൊടുങ്ങല്ലൂർ, കോട്ടക്കാവ് എന്നീ സ്ഥലങ്ങൾ മാലിയങ്കര (മല്യാങ്കര) എന്നറിയപ്പെട്ടിരുന്നു. അതു ലോപിച്ച് മലങ്കര എന്നായി.

കൊടുങ്ങല്ലൂരിൽ നിന്ന് 40 മൈൽ അകലെ, ചാവക്കാട്, താലൂക്കിൽ അറബിക്കടൽ വക്കത്തുനിന്ന് ഒരു കിലോ മീറ്റർ ഉള്ളിലേക്കു മാറി പാലയൂർ സ്ഥിതി ചെയ്യുന്നു.

അറിയപ്പെടുന്ന ഒരു കച്ചവടകേന്ദ്രമായ പാലയൂർ വിവിധ മതങ്ങളുടെ സംഗമവേദിയായിരുന്നു. യഹൂദന്മാരും അവിടെ വസിച്ചിരുന്നു.

യൂദക്കുന്നും യൂദബസാറും അതിനു തെളിവാണ്. ശ്ലീഹായുടെ പാലയൂർ പ്രവേശനത്തെക്കുറിച്ചുള്ള പാരമ്പര്യം പ്രസിദ്ധമാണല്ലോ. തളിയക്കുളത്തിൽ തർപ്പണക്രിയ നടത്തുന്ന ബ്രാഹ്മണരെ ശ്ലീഹാ കാണുന്നു. മേലോട്ട് എറിയുന്ന ജലം മുകളിൽത്തന്നെ നിർത്താമോ എന്ന് മാർത്തോമ്മാ ശ്ലീഹാ അവരോട് ചോദിക്കുന്നു. സാധിക്കാതെ വരുന്ന അവർ ശ്ലീഹായെ വെല്ലുവിളിക്കുന്നു. അവിടുന്ന് ഈശോയുടെ നാമത്തിൽ പ്രാർത്ഥിച്ച് കോരി മുകളിലേക്ക് എറിഞ്ഞപ്പോൾ അത് മുകളിൽ വെള്ളിക്കട്ടകൾ പോലെ ചിതറി നില്ക്കുകയും ജലം കോരിയെടുത്തിടത്ത് കുഴി കാണുകയും ചെയ്യുന്നു. ഈ അത്ഭുത പ്രവൃത്തി

യിൽ ആകൃഷ്ടരായി പലരും ക്രിസ്തുവിലുള്ള വിശ്വാസം സ്വീകരിക്കുന്നു.

അന്ന് ജ്ഞാനസ്നാനം സ്വീകരിച്ച കുടുംബങ്ങളിൽ പ്രധാനമാണ് പകലോമറ്റം, ശങ്കരപുരി, കള്ളി, കാളികാവ്. പകലോമറ്റം, ശങ്കരപുരി എന്നീ കുടുംബങ്ങൾക്ക് തോമ്മാശ്ലീഹാ ആചാര്യപദവി നല്കിയെന്ന താണ് പാരമ്പര്യവിശ്വാസം. ഓത്തു പഠിപ്പിച്ചിരുന്ന ബ്രാഹ്മണാചാര്യനായിരുന്നതിനാലായിരിക്കണം പക ലോമറ്റത്തിന് വിശേഷാൽ ശ്രേഷ്ഠാചാര്യ പദവി ശ്ലീഹാ നല്കാനിടയായത്. പാലയൂർ പള്ളിക്ക് ഒരു ഫർലോംഗ്  പടിഞ്ഞാറായി 64/7-ാം നമ്പറിൽ പകലോമറ്റം പറമ്പ് സ്ഥിതി ചെയ്യുന്നു.

പാലയൂർ പള്ളിയിലെ പ്രധാന തിരുനാൾ പൂർവ്വികർ ജ്ഞാനസ്നാനം സ്വീകരിച്ചെന്നു സങ്കല്പിക്ക പ്പെട്ടു വരുന്ന ജൂലൈ 15-ാം തീയതിയാണ് ആഘോഷിക്കുന്നത്. മാസത്തിലെ ആദ്യ വെള്ളി കഴിഞ്ഞു വരുന്ന ഞായറാഴ്ച പ്രത്യേക പ്രാർത്ഥനകളോടും നേർച്ച കാഴ്ചകളോടുകൂടെ പൂർവ്വികരെ ഓർമ്മിച്ച് ഇന്നും ആചരിക്കപ്പെടുന്നു.

## പകലോമറ്റവും കുറവിലങ്ങാടും

പാലയൂര് തോമ്മാശ്ലീഹായിൽ നിന്നു ജ്ഞാനസ്നാനമേറ്റ കുടുംബങ്ങളിൽ പ്രധാനങ്ങളായ പക ലോമറ്റം, ശങ്കരപുരി, കള്ളി, കാളികാവ് എന്നീ കുടുംബങ്ങളിൽ ചിലർ 4-ാം നൂറ്റാണ്ടിൽ കുറവിലങ്ങാട്-കാളികാവിൽ വന്നു താമസിക്കാനിടയായി. എന്തുകൊണ്ട് ഇവിടെ വന്നു താമസിച്ചുവെന്ന് കൃത്യമായി പറ യാൻ കഴിയുന്നില്ല. ഈ കുടുംബങ്ങൾ കുറവിലങ്ങാട്ടു വന്നുവെന്നതും അവയിൽ പകലോമറ്റം ശ്രേഷ്ഠ മായ സ്ഥാനം അലങ്കരിച്ചുവെന്നതുമാണ് പ്രധാനമായ സംഗതി.

335-ലോ 337-ലോ കുറവിലങ്ങാട്ടുപള്ളി സ്ഥാപിതമായി എന്നാണ് പാരമ്പര്യം. പള്ളി സ്ഥാപനത്തെ ചുറ്റിപ്പറ്റിയുള്ള കഥകൾ പിന്നീട് രൂപം കൊണ്ടിട്ടുള്ളവയാണെന്നതിൽ സംശയമില്ല. ഈ കഥകൾക്കു ള്ളിലെ സത്യം എന്നും പ്രസക്തമാണ്. കുന്നിന്റെ മുകളിൽ മനോഹരമായ സ്ഥലത്തു സ്ഥിതി ചെയ്യുന്ന ഈ ദേവാലയത്തിന്റെ സ്ഥാപനത്തിൽ പ. കന്യാമറിയത്തിന്റെ അത്ഭുതകരമായ ഇടപെടൽ ഉണ്ടെന്നതാണ് ആ സത്യം. സമനിരപ്പിൽത്തന്നെ ഒരിക്കലും വറ്റാത്ത വെള്ളമുള്ള അത്ഭുത ഉറവ അതിനു തെളിവായി നില്ക്കുന്നു. 345-ൽ ഈ ദേവാലയം പ്രതിഷ്ഠ ചെയ്തുവെന്നാണ് പാരമ്പര്യം.

## കുറവിലങ്ങാടുപള്ളി സ്ഥാപനം

പള്ളി സ്ഥാപിക്കുന്നതുവരെ കാളികാവിൽ തന്നെ (ഇപ്പോഴത്തെ പള്ളിക്കവലയിൽ നിന്ന് ഒരു മൈൽ തെക്ക്) ഈ നാലു കുടുംബക്കാരും അടുത്തടുത്ത് താമസിച്ചു. പാലയൂരിലെ ഇല്ലപ്പേരുകൾ തന്നെ അവർ ഇവിടെയും നിലനിർത്തി. സർവ്വേ റിക്കാർഡുകൾ സൂചിപ്പിക്കുന്നത് അതാണ്. 179-ാം ലക്കം സർവ്വേ 519/8  പകലോമറ്റം പുരയിടം, 175-ാം ലക്കം 469/5,6 കള്ളിക്കൽ പുരയിടം, ഇവയ്ക്ക് സമീപം ശങ്കരപുരി എന്നാണ് കാണുന്നത് (വി.സി.ജോർജ്, 11)

ഈ സർവ്വേ നമ്പരുകളിൽ കാണുന്ന കുഴിമാടങ്ങൾ, അന്ന് വീട്ടുവളപ്പിൽ തന്നെ ശവസംസ്ക്കാരം നടത്തിയിരുന്നുവെന്ന് സൂചിപ്പിക്കുന്നു

കുറവിലങ്ങാട്ടു പള്ളി സ്ഥാപനത്തോടനുബന്ധിച്ച് നാലു കുടുംബങ്ങളിലും പെട്ട ഏതാനും പേർ കുറവിലങ്ങാട്ട് പള്ളിക്ക് അടുത്തേക്ക് മാറി താമസിച്ചു.

അതിനു മുമ്പ് പകലോമറ്റത്ത് ദേവാലയം ഉണ്ടായിരുന്നിരിക്കണം. ഒരു പക്ഷേ, അതിനു ശേഷവും. കുറ്റാരപ്പള്ളി എന്ന സ്ഥലം അതാണ് സൂചിപ്പിക്കുക. കുറ്റാർ, എണങ്ങർ എന്നീ പദങ്ങൾ ക്രിസ്തീയ വിശ്വാസികളുടെ സമൂഹത്തെ സൂചിപ്പിക്കുന്നവയാണല്ലോ.

കൂടാതെ പകലോമറ്റം കാർ താമസിച്ചിരുന്ന പുരയിടത്തിനടുത്ത് സ്രാമ്പിക്കൽ എന്നൊരു പുരയിട വുമുണ്ടായിരുന്നു. വൈദികർ താമസിച്ചിരുന്ന സ്ഥലത്തിനാണ് സ്രാമ്പി എന്ന് പറയുന്നതെന്ന കാര്യവും

ഓർക്കുക (വി.സി.ജോർജ്, കോഡ് 12-13).

നാലുകുടുംബങ്ങളും ഒരുമിച്ചാണ് കുറവിലങ്ങാട് പള്ളി നിർമ്മിക്കുന്നത്. കുറവിലങ്ങാട്ടുപള്ളിയിലെ പ്രധാന തിരുനാളിനു കൊടികയറുന്നതിനു മുമ്പ് നാലു കുടുംബങ്ങളുടെയും കാരണവരോട് അനുവാദം വാങ്ങിയിരുന്ന ഒരു പതിവ് അടുത്ത കാലം വരെ ഉണ്ടായിരുന്നത് ഇതിനു തെളിവാണ്. 'ശാംകുരി പാലമറ്റത്തിനോടും കള്ളി കാളികാവിനോടും പള്ളിയിലെ മൂപ്പച്ചനോടും ചോദിക്കുന്നു, മൂന്നോയമ്പിൻ കൊടിയേറ്റട്ടേ' (സി.കെ.മറ്റം, ചരിത്രചർച്ച)?

## പള്ളി വടക്കേടത്ത് ശാഖ

പകലോമറ്റം കുടുംബശാഖ കുറവിലങ്ങാട്ടു പള്ളിയുടെ വടക്കുഭാഗത്താണ് വന്നു താമസമാക്കിയത്. ഇന്നത്തെ ദേവമാതാ കോളേജ് ഗ്രൗണ്ടിനും പള്ളിയുടെ വടക്കേമതിലിനും മദ്ധ്യേയായിരുന്നു പള്ളി വടക്കേടത്തിന്റെ ആസ്ഥാനം. നാലുകുടുംബങ്ങളിൽ പ്രധാനി പകലോമറ്റം ആയിരുന്നതിനാലും ശ്രേഷ്ഠ വൈദികസ്ഥാനം ഈ കുടുംബക്കാർക്ക് ആയിരുന്നതിനാലും പകലോമറ്റം കുടുംബം പള്ളിക്ക് ഏറ്റവും അടുത്തുതന്നെ താമസിച്ചു. അങ്ങനെ ആ ശാഖയ്ക്ക് പള്ളിവീട് എന്നും പേരുണ്ടായി. പള്ളിയിലെ ആചാര്യശുശ്രൂഷ നിർവ്വഹിച്ചിരുന്നത് ഈ കുടുംബമായിരുന്നു. വടക്കേടത്തു കുടുംബത്തിനും ശാഖകൾക്കും മാത്രമേ പള്ളിവീട് എന്ന സ്ഥാനം ചരിത്രകാരന്മാർ നല്കുന്നുള്ളൂ. പള്ളി വടക്കേടത്തിന്റെ ശാഖകളായിട്ടാണ് പനങ്കുഴ, പുത്തൻപുര, കുടുക്കശ്ശേരി, പാണൻകുന്നേൽ, വെട്ടിക്കുന്നേൽ എന്നിവ ചരിത്രത്തിൽ അറിയപ്പെടുന്നത് (പൊടിമറ്റം, കേരള സുറിയാനി സഭാചരിത്ര സംഗ്രഹം, 283: സി.കെ.മറ്റം, ചരിത്ര ചർച്ച്, 27). പള്ളി വടക്കേടത്തുനിന്നും മാറി താമസിച്ച പനംകുഴ കുടുംബം കുറവിലങ്ങാടിന്റെ ചരിത്രത്തിൽ വലിയ പങ്കു വഹിച്ചിട്ടുണ്ട്. പ്രഗത്ഭരും വിശുദ്ധരുമായ അനേകം വൈദികർക്കും സമുദായനേതാക്കൾക്കും ആ കുടുംബം ജന്മമേകി. പരിശുദ്ധനായ പനങ്കുഴയ്ക്കൽ വല്യച്ചൻ അതിൽ പ്രധാനിയാണ്.

16-ാം നൂറ്റാണ്ടിനു മുമ്പ് കള്ളി, കാളികാവ് തറവാടുകളിൽ ആൺ സന്തതികൾ ഇല്ലാതെ വന്ന സാഹചര്യത്തിൽ പകലോമറ്റം തറവാട്ടിലെ 'പള്ളി വീട്' വീട്ടിൽ നിന്നും ഒരാളെ ദത്തെടുക്കുകയും അങ്ങനെ കള്ളിവീടും കാളികാവും പകലോമറ്റത്തിന്റെ ശാഖകളാവുകയും ചെയ്തു (നിരണം ഗ്രന്ഥവരി, 126). ഇതിനുശേഷം കള്ളിവീട് പള്ളിവീടെന്നാണ് അറിയപ്പെട്ടിരുന്നത്. ഉച്ചാരണശാസ്ത്രപ്രകാരം 'ക,' 'ച', ആയും 'പ' & 'ബ' 'ഭ' ആയും കാലാന്തരത്തിൽ മാറുന്നതാണ്. പക്ഷേ 'ക' ഒരിക്കലും 'പ' ആയി മാറുന്നതല്ല. ആയതിനാൽ തന്നെ കള്ളിക്കു പള്ളിയാകാൻ കഴിയുകയില്ല. പോർച്ചുഗീസ്, റോമൻ ശാഖകളിലും നിരണം ഗ്രന്ഥവരിയിലും പള്ളിവീട് പകലോമറ്റത്തിന്റെ ശാഖയായിട്ടാണ് വിശദീകരിച്ചിട്ടുള്ളത്.

പള്ളിവടക്കേടത്തു കുടുംബം അന്യം നിൽക്കുന്നത് 1936-ലാണ്. 1783-ൽ ആ വീട്ടിലെ ഔസേപ്പിന്റെ പുത്രനാണ് 1809-ൽ നിര്യാതനായ ഏഴാം മാർത്തോമ്മാ മെത്രാൻ. ഔസേപ്പിന്റെ സഹോദരൻ കുര്യാള കല്യാണം കഴിച്ച് കടമറ്റത്തേക്കു പോയതുകൊണ്ട് ഔസേപ്പിന്റെ മൂന്നാമത്തെ പുത്രൻ ഉതുപ്പിനെ (അവിരാ) കല്യാണം കഴിപ്പിച്ച് പള്ളിവടക്കേടത്തു വീട്ടിൽ തന്നെ താമസിപ്പിച്ചു. അദ്ദേഹത്തിന്റെ സന്താനപരമ്പരകൾ തുടർന്ന് പള്ളിവടക്കേടത്തു തന്നെ വസിച്ചു. അവസാനം അവിടെ വസിച്ചതും ഒരു ഔസേപ്പാണ്. അദ്ദേഹത്തിന്റെ പുത്രൻ വിവാഹപ്രായത്തിനു മുമ്പ് മരിച്ചതിനാൽ, 1936-ൽ ഔസേപ്പ് മരിച്ചതോടെ പള്ളിയുടെ വടക്കുഭാഗത്തു ആദ്യം താമസിച്ച പകലോമറ്റം ശാഖയും അന്യം വന്നു. പുരപൊളിച്ച് മാറ്റപ്പെടുകയും പുരയിടം അന്യാധീനമാവുകയും ചെയ്തു. ആ സ്ഥലം ഇന്ന് വാഹനങ്ങൾ പാർക്കു ചെയ്യുന്നതിനായി മാറ്റി ഇട്ടിരിക്കുന്നു.

## പകലോമറ്റം മൂലത്തറവാട്

കാളികാവിലെ പകലോമറ്റം തറവാട് പതിനേഴാം നൂറ്റാണ്ടുവരെ നിലനിന്നു. ചരിത്രത്തിൽ അറിയപ്പെടുന്ന പ്രസിദ്ധരായ രണ്ടർക്കദിയാക്കോന്മാർക്ക് - ക്രിസ്തുവിന്റെയും കുരുശിന്റെയും ഗീവർഗീസു

മാർക്ക് ജന്മം നല്കിയത് പകലോമറ്റത്തെ മൂലത്തറവാടാണ്. ക്രിസ്തുവിന്റെ ഗീവർഗീസ് പാലയൂർ രൂപതയുടെ മെത്രാനായി നിയുക്തനായെങ്കിലും പറങ്കികളുടെ ഉപജാപം മൂലം അഭിഷിക്തനായില്ല. അന്ന് ഇവിടെ അർക്കദിയാക്കോൻ പദവി മെത്രാൻ സ്ഥാനത്തേക്കാൾ വലുതായിരുന്നതിനാൽ അദ്ദേഹമത് നിഷേധിച്ചതാകാനും ഇടയുണ്ട് (എൻ.കെ.ജോസ്, ജാതിക്കു കർത്തവ്യൻ). മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ചരിത്രത്തിലെ വേദനാജനകമായ സംഭവങ്ങളിൽ ഒന്നായ ഉദയംപേരൂർ സുന്നഹദോസിന്റെ കാലത്തും തുടർന്നും 1637-വരെ ഏറെ സഹിക്കേണ്ടിവന്ന കുരിശിന്റെ ഗീവർഗീസും ഈ മൂലത്തറവാട്ടുകാരനായിരുന്നു. അദ്ദേഹത്തിന്റെ ഏക സഹോദരനും (ജ്യേഷ്ഠൻ) ഭാര്യയും മരിച്ചതോടു കൂടി കാളികാവിലെ പകലോമറ്റം മൂലത്തറവാട്ടിൽ താമസമില്ലാതെയായി. ജ്യേഷ്ഠംഭാര്യ അന്നമ്മ ഏകമകനെ കുറവിലങ്ങാട്ട് ആലപ്പാട്ടേയ്ക്ക് മാറ്റിത്താമസിപ്പിച്ചതാണ് ഇതിനു കാരണം.

മൂലത്തറവാടിനോടു ചേർന്നുകാണുന്ന കല്ലറകളിൽ അർക്കദിയാക്കോന്മാർ അന്ത്യവിശ്രമം കൊള്ളുന്നു. ആ സ്ഥലം സംപൂജ്യമാണ്. കേരളത്തിലെ മർത്തോമ ക്രിസ്ത്യാനികൾക്ക് പൊതുവായും പകലോമറ്റം കുടുംബക്കാർക്ക് സവിശേഷമായും പ്രാധാന്യമർഹിക്കുന്ന ഈ സ്ഥലത്തിന് ഇന്നും വേണ്ടത്ര പ്രാധാന്യം ലഭിക്കാത്തത് നിർഭാഗ്യകരമാണ്. അർക്കദിയാക്കോന്മാർ അന്ത്യവിശ്രമം കൊള്ളുന്ന പകലോമറ്റം പുരയിടത്തിൽ എന്തെങ്കിലും സ്മാരകം നിർമ്മിക്കേണ്ടതാണെന്നും അങ്ങനെ ചെയ്യുന്ന പക്ഷം. അതിൽ പങ്കെടുക്കേണ്ടത് അതിന്റെ  ശാഖകളായ സകല കുടുംബങ്ങളുടെയും വ്യക്തികളുടെയും അവകാശവും കർത്തവ്യമാണെന്നും ഡോ.പി.ജെ തോമസ് എത്രയോമുമ്പ് എഴുതി (നസ്രാണി ദീപിക, 1925). പുതിയ സഹസ്രാബ്ദത്തിൽ അത് നാം ചെയ്യണം.

മൂലത്തറവാട് കുറവിലങ്ങാട് ആലപ്പാട്ടുകാരുടെ കൈവശം തന്നെയായിരുന്നു. നിർഭാഗ്യകരമായ സാഹചര്യത്തിൽ അവരത്, മെയിൻ റോഡിനു പടിഞ്ഞാറുവശം 1078 കർക്കിടകം 26ന് കൂറ്റാരപ്പള്ളിക്കാർക്കും കിഴക്കുവശത്തുള്ള 491/8 A 54 സെന്റും ടി B ഒരേക്കർ സ്ഥലത്തിൽ 14 സെന്റ് ഒരു സ്മാരകനിർമ്മിതിക്കായി മാറ്റിയിട്ടിട്ട് പാറേക്കുന്നേൽ തൊമ്മൻ ഔസേപ്പിനും വില്ക്കാനിടയായി. തെക്കുവശത്തുള്ള സ്ഥലവും കൈമാറ്റം ചെയ്തു. ഡോ. പി.ജെ. തോമസ് തനിക്ക് പിതാവിൽ നിന്ന് കിട്ടിയ  ആ സ്ഥലത്തിൽ 24 സെന്റ് പള്ളിക്ക് എഴുതിക്കൊടുത്തു. ആലപ്പാട്ടുകാർ മാറ്റി ഇട്ടിരുന്ന സ്ഥലം 1953-ൽ പള്ളിക്ക് ദാനമായി നല്കുകയും ആ കുടുംബക്കാരുടെ നേതൃത്വത്തിൽ, അന്നറിയപ്പെട്ടിരുന്ന പകലോമറ്റം കുടുംബക്കാരുടെയെല്ലാം സഹായത്തോടെ ഒരു കപ്പേളയും കൽക്കുരിശും സ്ഥാപിച്ച് (1963) അവിടം പുനരുദ്ധരിക്കുകയുണ്ടായി. പകലോമറ്റം കുടുംബത്തിൽ തന്നെപെട്ട ആലപ്പാട്ട് പൗലോസച്ചൻ അന്ന് കുറവിലങ്ങാട്ടുപള്ളി വികാരിയായിരുന്നത് ഇതിനു സഹായകമായി.

കപ്പേളപണിയുന്ന കാലത്ത് പഴയ നാലുകെട്ടിന്റെ തറകൾ കാണാനുണ്ടായിരുന്നു. വീടിനോടടുത്തുണ്ടായിരുന്ന കിണർ ഇന്നും കാണാം. അവിടെ നിന്ന് 20 അടി കിഴക്കുമാറിയാണ് അർക്കദിയാക്കോബന്മാരുടെ കബറിടങ്ങൾ സ്ഥിതിചെയ്യുന്നത്. ഇവയെല്ലാം തന്നെ ഏകദേശം രണ്ടേമുക്കാൽ കോൽ നീളം മുക്കാൽ കോൽ വീതിയിൽ ലവൽ ഒപ്പിച്ചു കെട്ടിയിട്ടുള്ള ഏതാനും നിരവെട്ടുകല്ലുകൾക്കു മുകളിൽ ഉദ്ദേശം എട്ടൊൻപതംഗുലം ചുറ്റളവിലും ഒരു വശം വക്കു വലിച്ച ഒരു ഉരുളൻ തടിയുടെ ആകൃതിയിലും വൃത്തിയായി ചെത്തി മിനുസമാക്കിയ കടുപ്പമുള്ള ഓരോ ഒറ്റച്ചീങ്കല്ലു പതിവാണ്. രോഗശാന്തികളും അത്ഭുതങ്ങളും ഇവരുടെ മദ്ധ്യസ്ഥതയാൽ നടക്കുന്ന കാര്യം അനുഭവസ്ഥർ ഏറ്റുപറയുന്നു.

ഈ കല്ലുകളുടെ ഓരോ അറ്റത്തും ഓരോ കുരിശടയാളം മാത്രം കൊത്തിയിരിക്കുന്നു. അന്നും ഇന്നും വളരെ ഭക്തിയോടെ ആളുകൾ ഈ കബറിടങ്ങളെ സമീപിക്കുന്നു. ഇവക്കു മുമ്പിൽ കൽവിളക്കുകളും തിരികളും കത്തിക്കുക പണ്ടുമുതലുള്ള പതിവാണ്. രോഗശാന്തികളും അത്ഭുതങ്ങളും ഇവരുടെ മദ്ധ്യസ്ഥതയാൽ നടക്കുന്ന കാര്യം അനുഭവസ്ഥർ ഏറ്റുപറയുന്നു.

### ജാതിക്കു കർത്തവ്യർ/ അർക്കദീയാക്കോന്മാർ

മാർത്തോമ്മാ ക്രിസ്ത്യാനികളുടെ തലവന്മാരായിരുന്ന അർക്കദിയാക്കോന്മാരെല്ലാം പകലോമറ്റം കുടുംബത്തിലെ അംഗങ്ങളായിരുന്നുവെന്നത് ഈ കുടുംബത്തിന് ദൈവം നല്കിയ ഒരു വലിയ ദാനമായി നാം കാണണം. ചരിത്രത്തിനറിയാവുന്ന ആകമാന ഇന്ത്യയുടെ അർക്കദിയാക്കോന്മാർ എല്ലാവരും തോമ്മാശ്ലീഹായിൽ നിന്നു നേരിട്ടു ജ്ഞാനസ്നാനം സ്വീകരിച്ച പകലോമറ്റം കുടുംബത്തിൽ നിന്നുള്ളവരായിരുന്നുവെന്ന് എല്ലാചരിത്രകാരന്മാരും രേഖപ്പെടുത്തിയിരിക്കുന്നു. (പൊടിപ്പാറ, തോമസ് ക്രിസ്റ്റ്യൻസ്, 72). തോമ്മാശ്ലീഹായുമായുള്ള പ്രത്യേക അടുപ്പമാണ് ഈ സ്ഥാനം ഈ കുടുംബത്തിനു കിട്ടാൻ കാരണം. സമുദായം ഒന്നടങ്കം ഈ സ്ഥാനത്തിനു പരിശുദ്ധിയുടെയും പ്രാമാണികതയുടെയും പരിവേഷം ചാർത്തി (പൊടിപ്പാറ, 95). തോമ്മാശ്ലീഹായുമായി അവരെ ബന്ധിപ്പിക്കുന്ന കണ്ണിയായി അർക്കദിയാക്കോൻ സ്ഥാനം നിലകൊണ്ടു.

പേർഷ്യൻ സഭയിൽ മെത്രാൻ തന്റെ അടുത്ത ബന്ധുവിനെ പിൻഗാമിയാക്കുന്ന ഒരു പാരമ്പര്യം ഉണ്ടായിരുന്നു. ഇസ്രായേലിൽ ലേവിയുടെ ഗോത്രത്തിനു പൗരോഹിത്യ പദവി പരമ്പരാഗതമായി ലഭിക്കുകയായിരുന്നല്ലോ. ഈ പാരമ്പര്യമാണ് കേരളത്തിൽ അർക്കദിയാക്കോൻ-മാർത്തോമ്മാമെത്രാൻ എന്നീ വാഴ്ചകളിൽ പ്രതിഫലിച്ചത്. ബാബിലോണിയായിലെ നെസ്തേറിയൻ മതവിഭാഗത്തിൽ ഇപ്പോഴും ഈ പാരമ്പര്യം നിലനിൽക്കുന്നു. യൂറോപ്യന്മാർ പകലോമറ്റം കുടുംബത്തിന്റെ ഈ പിൻതുടർച്ചയ്ക്ക് അന്ത്യം വരുത്തി.

അനന്തരവൻ എന്ന് അർക്കദിയാക്കോൻ- മാർത്തോമ്മാ നിയമനത്തിൽ കാണുന്നത് അവകാശി എന്ന അർത്ഥത്തിലാണ് മനസ്സിലാക്കേണ്ടത്. സ്വന്തം കുടുംബത്തിൽ പെട്ട അടുത്ത ആളെ പിൻഗാമിയായിട്ടു നിയമിക്കുകയാണ് ചെയ്യുന്നത്. ബ്രാഹ്മണ പാരമ്പര്യം അവകാശപ്പെടുന്ന മാർത്തോമ്മാ ക്രിസ്ത്യാനികൾ മക്കത്തായ ക്രമമാണ് അനുസരിച്ചതെന്നതും നാമോർക്കണം. അവിടെ അങ്ങനെ സഹോദര പുത്രനാണ് അനന്തരവൻ.

ക്നായിത്തോമ്മായുടെ കാലം മുതൽ 16-ാം നൂറ്റാണ്ടു വരെ പേർഷ്യൻ പാത്രിയർക്കീസയയ്ക്കുന്ന മെത്രാന്മാരാണ് കേരള സഭയുടെ ആത്മീയ കാര്യങ്ങൾ നിർവ്വഹിച്ചിരുന്നത്. ഇവിടത്തെ ആളുകളുടെ അപേക്ഷയനുസരിച്ച് ഇങ്ങോട്ടയയ്ക്കപ്പെട്ടിരുന്ന മെത്രാന്മാർ പട്ടം കൊടുക്കുക, പള്ളികൾ പ്രതിഷ്ഠിക്കുക, സൈത്തു കൂദാശ ചെയ്യുക എന്ന കാര്യങ്ങൾ മാത്രം നിർവ്വഹിച്ച് കഴിഞ്ഞു. അദ്ധ്യാപകരും പിതാക്കന്മാരുമായ ഇവർ ഇവിടുത്തെ ഏറ്റവും ശ്രേഷ്ഠരായ അതിഥികളായിരുന്നു.

മാർത്തോമ്മായുടെ സിംഹാസനത്തിന്റെയും ഇന്ത്യ മുഴുവനിലുമുള്ള ക്രിസ്ത്യാനികളുടെ സഭയുടെയും മെത്രാപ്പോലീത്താ എന്നവർ അറിയപ്പെട്ടിരുന്നു. ഈ മെത്രാന്മാർ അധികാരം ഉപയോഗിച്ചിരുന്നത് അർക്കദിയാക്കോന്മാർ വഴിയാണ്. വിദേശത്തു നിന്നു വരുന്ന മെത്രാന് ഇവിടുത്തെ ഭാഷ, ആചാരം, മത-സാമൂഹിക-രാഷ്ട്രീയ കാര്യങ്ങൾ അറിയാവുന്ന നാട്ടുകാരന്റെ സഹായം അനുപേകഷണീയമായിരുന്നു. പകലോമറ്റം കുടുംബത്തിൽ പണ്ടേ നിലനിന്നിരുന്ന ഒരധികാരത്തിന്റെ അംഗീകാരമായി ഈ സ്ഥാനം ഈ കുടുംബത്തിനു നല്കപ്പെട്ടു. തോമ്മാശ്ലീഹായുടെ കാലം മുതൽ വൈദികരും മെത്രാന്മാരും ഉണ്ടായിരുന്ന ഒരു കുടുംബമായിരുന്നു പകലോമറ്റം. പൗരസ്ത്യ മിഷനരിമാർ പുതിയൊരു ഭരണക്രമത്തിനു ഇവിടെ തുടക്കം കുറിച്ചപ്പോൾ പകലോമറ്റം കുടുംബത്തിന്റെ അവകാശം അംഗീകരിക്കുകയാണ് ചെയ്തത്.

കേരള സഭയിൽ, മറ്റേതൊരു സഭയിലുണ്ടായിരുന്നതിനേക്കാൾ, അർക്കദിയാക്കോൻ സ്ഥാനത്തിന് കൂടുതൽ അധികാരവും അംഗീകാരവും കിട്ടി. ജാതിക്കു കർത്തവ്യൻ എന്നതായിരുന്നു അദ്ദേഹത്തിന് ചേർന്ന നാമം. അർക്കദിയാക്കോൻ എന്ന പേര് പിന്നീട് ഉപയോഗക്ഷമമായതാണ് (Thekkedath, History of Christianity in India, 94)വിശ്വാസികളുടെ രാജകുമാരൻ, ജാതിയുടെ പ്രഭു, കർത്താവ്, അഖിലേന്ത്യ

യുടെ അർക്കദിയാക്കോൻ എന്നിങ്ങനെ മറ്റു നാമങ്ങളും അദ്ദേഹത്തിനുണ്ടായിരുന്നു. മെത്രാപ്പോലീത്താ യുടെ വലംകൈ ആയി പ്രവർത്തിക്കുന്ന അർക്കദിയാക്കോൻ അദ്ദേഹത്തിന്റെ സ്ഥാനമൊഴിവിൽ സഭയെ നയിച്ചിരുന്നു. പേർഷ്യൻ സഭയിൽ അർക്കദിയാക്കോനുണ്ടായിരുന്ന അധികാരാവകാശങ്ങൾക്കു പുറമേ (ജി.ചേടിയത്ത്, മാർ മാറുഥായുടെ കാനോനകൾ, 21,29 കാനോനകൾ) ഇവിടെ അദ്ദേഹത്തിനു സവിശേ, മായി ചില അധികാരങ്ങൾ ഉണ്ടായിരുന്നു. എല്ലാത്തരം ആനുകൂല്യങ്ങളും നല്കാൻ അദ്ദേഹത്തിനു അധി കാരമുണ്ടായിരുന്നു വൈദികാർത്ഥികളെ തിരഞ്ഞെടുക്കുക, പള്ളികളിൽ വൈദികരെ നിയമിക്കുക, പള്ളി യുടെ ഭൗതിക കാര്യങ്ങൾ നിർവ്വഹിക്കുക, മെത്രാനും പാത്രിയർക്കീസിനും വേണ്ട ദശാംശം, നികുതി പിരിക്കുക എന്നിവ അദ്ദേഹത്തിന്റെ ചുമതലയിലായിരുന്നു.

ക്രിസ്ത്യാനികളുടെ തലവനായി അന്നത്തെ നാട്ടു രാജാക്കന്മാർ അദ്ദേഹത്തെ അംഗീകരിച്ചിരുന്നു. കൊച്ചി രാജാവ് പുതിയതായി തിരഞ്ഞെടുക്കപ്പെടുന്ന അർക്കദിയാക്കോനെ സ്ഥാന ചിഹ്നം അണിയിക്കു മായിരുന്നു. അദ്ദേഹത്തിന്റെ യാത്രയിൽ അകമ്പടി സേവിക്കുവാൻ സായുധരായ അംഗരക്ഷകരും മറ്റു പ്രമാണികളും ഉണ്ടായിരുന്നു (പൊടിപ്പാറ, തോമസ് ക്രിസ്റ്റ്യൻസ്, 85) സമുദായത്തിന്റെ ദേശീയ നേതാവും മാർത്തോമ്മാ ക്രിസ്ത്യാനികളുടെ സാമൂഹിക-രാഷ്ട്രീയ നായകനുമായിരുന്നു, അർക്കദിയാക്കോൻ. രാജാ ക്കന്മാരുമായി മാർത്തോമ്മാക്രിസ്ത്യാനികൾക്കു വേണ്ടി വ്യവഹാരങ്ങൾ നടത്തിയിരുന്നതും അർക്കദി യാക്കോനാണ്. ഇന്ത്യയിലെ അർക്കദിയാക്കോനെ വിശ്വാസികളുടെ തലവനായി കൽദായ പാത്രിയർക്കീസ് തിമോത്തി (780-826) സംബോധന ചെയ്യുന്ന ഒരു രേഖ കിട്ടിയിട്ടുണ്ട്.

പോർട്ടുഗീസുകാരുടെ കാലംതൊട്ടുള്ള അർക്കദിയാക്കോന്മാരെപ്പറ്റിയാണ് കുറെ വിവരങ്ങൾ നമുക്ക് ഉള്ളത്. 1502-ൽ മാർ യോഹന്നാൻ മെത്രാപ്പോലീത്താ പകലോമറ്റം കുടുംബത്തിൽ പെട്ട ഗീവർഗീസ് അർക്കദിയാക്കോനെ നിയമിക്കുന്നു (കൊല്ലംപറമ്പിൽ 82). 1509-ൽ ഒരു ഇട്ടിക്കുര്യത് അർക്കദിയാക്കോ നെപ്പറ്റി നാം കേൾക്കുന്നുണ്ട്. കോതമംഗലത്ത് രണ്ടു പള്ളികൾ തമ്മിലുള്ള വഴക്കിനു ഇദ്ദേഹം തീർപ്പു കല്പിച്ചു. അവിടെ പോത്താനിക്കാട് കുടുംബത്തിൽ സൂക്ഷിക്കുന്ന രേഖയിൽ ഇങ്ങനെ കാണുന്നു. 'ഇട്ടി ക്കുരിയ, അർക്കദീയാക്കോൻ അച്ചൻ, ജാതിക്കു കർത്തവ്യൻ'. ഇദ്ദേഹം പകലോമറ്റം മൂലത്തറവാട്ടിൽ പെട്ട ആളായിരുന്നു (പൊടിമറ്റം, 30). പിന്നീട് പകലോമറ്റത്തിൽ പെട്ട ചാണ്ടി, ഗീവർഗീസ് എന്ന രണ്ടർക്ക ദിയാക്കോന്മാരെപ്പറ്റി നാം കേൾക്കുന്നുണ്ട്.

### ക്രിസ്തുവിന്റെ ഗീവർഗീസ് (+ 1585)

ചരിത്രത്തിൽ അറിയപ്പെടുന്ന പ്രധാനപ്പെട്ട ആർച്ചു ഡീക്കന്മാരിൽ ഒരാളാണ് ക്രിസ്തുവിന്റെ ഗീവർഗീ സ്. പകലോമറ്റം മൂലത്തറവാട്ടിൽപെട്ട ഇദ്ദേഹം (സി.കെ.മറ്റം 113) വലിയ വിശുദ്ധ ഗ്രന്ഥ പണ്ഡിതനും സുറിയാനി ഭാഷാ നിപുണനും പുണ്യ ചരിതനും കാര്യപ്രാപ്തനും ആയിരുന്നു. ഫാ. കൊല്ലാപറമ്പിൽ പാശ്ചാത്യ മിഷനറിമാരുടെ അനേകം കത്തുകൾ ഉദ്ധരിക്കുന്നുണ്ട്, ഇതിന് ഉപോത്ബലകമായിട്ട് (പേജ് 86 -85). പാലയൂരിന്റെ മെത്രാനായി നിയമിതനായ അദ്ദേഹം അഭിഷിക്തനായില്ല. മാർ അബ്രാഹത്തിന്റെ കാലത്താണ് ഇദ്ദേഹം അർക്കദിയാക്കോനായിരുന്നത്. മെത്രാന്മാരുടെയും ജാതിക്ക് കർത്തവ്യന്റെയും ആസ്ഥാനമായ അങ്കമാലിയിൽ അദ്ദേഹം ഒരു ദേവാലയം പണിയിക്കുകയുണ്ടായി. 1585-ൽ ദിവംഗതനായ അദ്ദേഹം അങ്കമാലിയിൽ ഇപ്പോഴത്തെ യാക്കോബായ പള്ളിയിൽ കബറടക്കപ്പെട്ടിരിക്കുന്നു. ഇദ്ദേഹത്തിന്റെ സഹോദരൻ യോഹന്നാനും (1585-93) ഒരു ജേക്കബും (1596) തുടർന്നു അർക്കദിയാക്കോന്മാരായി.

### കുരിശിന്റെ ഗീവർഗീസ്

ക്രിസ്തുവിന്റെ ഗീവർഗിസിന്റെ ജ്യേഷ്ഠ പുത്രനാണ് ഇദ്ദേഹം.മാർ അബ്രാഹത്തിന്റെ അന്തിമ കാലത്ത് ഇദ്ദേഹം അർക്കദിയാക്കോനായി. അബ്രാഹത്തിന്റെ മരണത്തിനുശേഷം (1597) ഇദ്ദേഹം കേരള സഭയെ നയിച്ചു. തുടർന്നു പാശ്ചാത്യ മിഷനറിമാരുടെ ഭരണമായിരുന്നു. കുരിശിന്റെ ഗീവർഗീസിന്റെ കാലത്താണ്

ഉദയംപേരൂർ സുന്നഹദോസ് നടന്നത്. 1601-ൽ ഫ്രാൻസീസ് റോസ് മെത്രാനായി. തുടക്കത്തിൽ രണ്ടു പേരും ഐക്യത്തിൽ നീങ്ങിയെങ്കിലും അങ്കമാലിയുടെ സ്ഥാനം തരംതാഴ്ത്തിയപ്പോൾ നിഷ്ക്രിയനായി റോസ് ഒന്നും ചെയ്യാതിരുന്നത് പ്രയാസമുണ്ടാക്കി. ഗീവർഗീസ് അർക്കദിയാക്കോൻ അതിനെതിരെ സ്വര മുയർത്തി. റോസ് അദ്ദേഹത്തെ മഹറോൻ ചൊല്ലി. 1615-ൽ വീണ്ടും രണ്ടുപേരും രമ്യതയിലായെങ്കിലും അധികനാൾ അങ്ങനെ പോയില്ല. തുടർന്ന്മെത്രാനായ സ്റ്റീഫൻ ബ്രിട്ടോയും അർക്കദിയാക്കോനെ വേണ്ട പോലെ അംഗീകരിച്ചില്ല. 1637-ൽ കുരിശിന്റെ ഗീവർഗീസ് മരണമടഞ്ഞു. സഭയുടെ അനന്യതക്കും അർക്ക ദിയാക്കോൻ സ്ഥാനത്തിന്റെ അവകാശാധികാരങ്ങൾ നിലനിർത്താനും വേണ്ടി ഏറെ സഹിച്ച വ്യക്തി യാണ് ഗീവർഗീസ്. മലങ്കര സഭയെ വലിയ പ്രതിസന്ധികളുടെ നാളുകളിൽ നയിക്കുകയും അപകടമൊ ന്നുമുണ്ടാകാതെ കാത്തു സംരക്ഷിക്കുകയും ചെയ്തുവെന്നത് അദ്ദേഹത്തിന്റെ നേട്ടമാണ്. കേരള ചരിത്ര ത്തിലെ 20 മഹാന്മാരിലൊരാളായി ഇദ്ദേഹം ഈ നൂറ്റാണ്ടിന്റെ ആദ്യ പകുതിയിൽ പരിഗണിക്കപ്പെടുകയു ണ്ടായി. ഇദ്ദേഹത്തിന്റെയും ഇദ്ദേഹത്തിന്റെ ജ്യേഷ്ഠന്റെയും, കൃത്യമായി പറഞ്ഞാൽ ജ്യേഷ്ഠ ഭാര്യയു ടെയും മരണത്തോടെയാണ് പകലോമറ്റം മൂലത്തറവാട്ടിൽ താമസം നിലയ്ക്കുന്നത്. ജ്യേഷ്ഠന്റെ ഏക പുത്രൻ കുറവിലങ്ങാട് ആലപ്പാട്ടേയ്ക്കു മാറി താമസിച്ചു. അദ്ദേഹം പകലോമറ്റം തറവാട്ടു മുറ്റത്തു കബ റടക്കപ്പെട്ടുവെന്ന് വിശ്വസിക്കപ്പെടുന്നു.

### തോമസ് അർക്കദിയാക്കോൻ

കുരിശിന്റെ ഗീവർഗീസിനെ തുടർന്ന് പകലോമറ്റം വടക്കേടത്തു കുടുംബ ശാഖയിൽ പെട്ട തോമസ് അർക്കദിയാക്കോൻ നിയമിതനായി, ബ്രിട്ടോയ്ക്കു ശേഷം വന്ന ആർച്ചു ബിഷപ്പ് ഫ്രാൻസിസ് ഗാർസിയാ അർക്കദിയാക്കോന്റെ അധികാരം അംഗീകരിച്ചില്ല. ഗാർസിയായും അർക്കദിയാക്കോനും തമ്മിലുള്ള അഭി പ്രായ വ്യത്യാസം അനുദിനം വളർന്നുവന്നു. ഒരു പൗരസ്ത്യ മെത്രാനെ മാർത്തോമ്മാ ക്രിസ്ത്യാനികൾ കാത്തിരുന്നു. അങ്ങനെയിരിക്കുമ്പോഴാണ് മാർ അഹത്തള്ളായുടെ (സിറിൾ മാർ അത്തള്ള ഇബൻ ഈസാ) ആഗമനം. അദ്ദേഹത്തെ ഒരു നോക്കു കാണിക്കുക പോലും ചെയ്യാതെ മിഷനറിമാർ നാടു കടത്തിയത് മാർത്തോമ്മാ ക്രിസ്ത്യാനികളിൽ വലിയ നിരാശയ്ക്ക് കാരണമായി. അത് മാർത്തോമ്മാ ക്രിസ്ത്യാനി കളെ ഒന്നടങ്കം 1653 ജനുവരി 3-ലെ ചരിത്ര പ്രസിദ്ധമായ കൂനൻ കുരിശു സത്യത്തിലേയ്ക്ക് നയിച്ചു. ഗത്യ ന്തരമില്ലാതെ, പിന്നീട് മെത്രാഭിഷേകം നടത്താനാവുമെന്ന പ്രത്യാശയോടെ, 1653 ജൂൺ 1 ന് തോമസ് അർക്കദിയാക്കോനെ 1-ാം മാർത്തോമ്മാ മെത്രാനായി അവരോധിച്ചു. അർക്കദിയാക്കോനും പാശ്ചാത്യ മിഷനറിമാരും തമ്മിൽ പിന്നീട് നടന്ന അനുരഞ്ജന ശ്രമങ്ങൾ ഫലവത്തായില്ല.

1661-ൽ മാർ സെബസ്ത്യാനി മെത്രാനായി. 1663-ൽ ഡച്ചുകാർ കൊച്ചി കീഴടക്കി. സെബസ്റ്റ്യാനി കേരളം വിട്ടു പോകുവാൻ നിർബന്ധിതനായി. തിരിച്ചു പോകുന്നതിനു മുമ്പായി അദ്ദേഹം മാർത്തോമ്മാ യുടെ കുടുംബജനായ പറമ്പിൽ ചാണ്ടി കത്തനാരെ മെത്രാനായി വാഴിച്ചു. മാർത്തോമ്മാ മെത്രാനെ മഹ റോൻ ചൊല്ലി. അന്ത്യോക്യയിൽ നിന്ന് 1665-ൽ വന്ന മാർ ഗ്രിഗോറിയോസ് അദ്ദേഹത്തിനു മെത്രാൻ പട്ടം കൊടുക്കുന്നതു വരെ ജനങ്ങളുടെ സ്വീകരണം വഴിഭരണം നടത്തി. ഗ്രിഗോറിയോസിന്റെ വരവോടെ പുതിയൊരു വഴിത്തിരിവ് മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ചരിത്രത്തിൽ ഉടലെടുത്തു. 1670 ഏപ്രിൽ 24ന് ധീരനായ മാർത്തോമ്മാ ഒന്നാമൻ ദിവംഗതനായി.

മാർത്തോമ്മാ ക്രിസ്ത്യനികളുടെ തലവൻ എന്ന നിലയിൽ അവരുടെ താല്പര്യ സംരക്ഷണത്തി നായി അക്ഷീണം പടപൊരുതിയ ആളാണ് മാർത്തോമ്മാ ഒന്നാമൻ. പോർട്ടുഗീസു മിഷനറിമാർ അദ്ദേഹ ത്തോട് അനുകമ്പയോടെ പെരുമാറുകയും മാർത്തോമ്മാ ക്രിസ്ത്യാനികളുടെ നിയമത്തെ ആദരിക്കു കയും ചെയ്തിരുന്നെങ്കിൽ കേരള സഭയിൽ ഈ വലിയ വിഭജനം ഉണ്ടാകുമായിരുന്നില്ല. പോർട്ടുഗീസു മിഷനറിമാർ എല്ലാ ശക്തിയും ഉപയോഗിച്ചിട്ടും അദ്ദേഹത്തിന്റെ തല കുനിപ്പിക്കുവാൻ സാധിക്കാതിരു ന്നത് അർക്കദിയാക്കോൻ സ്ഥാനത്തിനു ജനങ്ങളുടെ ഇടയിലുണ്ടായിരുന്ന സ്വാധീനത്തെയാണ് തെളിയി ക്കുന്നത്.

### അർക്കദിയാക്കോൻ കുഞ്ഞുമത്തായി

ആർച്ചുബിഷപ്പ് ഗാർസിയാ, തോമ്മാ അർക്കദിയാക്കോനെ തഴഞ്ഞുകൊണ്ട് 1656-ൽ ഗീവർഗീസ് അർക്കദിയാക്കോന്റെ ഒരു അനന്തരാവകാശിയെ അർക്കദിയാക്കോനായി നിയമിച്ചു. മാർ തോമ്മാ മെത്രാന്റെ ജനസ്വാധീനം നിമിത്തം ഇദ്ദേഹത്തിന് ഒന്നും ചെയ്യുവാൻ സാധിച്ചില്ല. രണ്ടുകൊല്ലത്തോളം കൊച്ചിയിൽ താമസിച്ചിട്ട് കുഞ്ഞുമത്തായി കടുത്തുരുത്തിയിൽ വന്നു താമസിക്കുകയും മാർത്തോമ്മാ മെത്രാനോടു ചേരുകയും ചെയ്തു.

### അർക്കദിയാക്കോൻ മത്തായി

പറമ്പിൽ ചാണ്ടി മെത്രാൻ 1678-ൽതന്റെ തന്നെ കുടുംബത്തിൽ പെട്ട മത്തായിയെന്ന വൈദികനെ അർക്കദീയാക്കോനായി നിയമിച്ചു. അദ്ദേഹത്തെ തന്റെ പിൻഗാമിയാക്കണമെന്ന് ചാണ്ടി മെത്രാന് ആഗ്രഹമുണ്ടായിരുന്നു. മാർ സെബസ്റ്റ്യാനിയുടെ പ്രതികൂലമായ റിപ്പോർട്ടാണ് ഇതിനു പ്രതിബന്ധമായത്. ചാണ്ടി മെത്രാന്റെ പിൻഗാമിയായി വന്ന ബിഷപ്പ് റഫായേൽ ഫിഗുറേഡോയുടെ മരണശേഷം (1695) 6 വർഷത്തേയ്ക്ക് മത്തായി അർക്കദിയാക്കോൻ അഡ്മിനിസ്ട്രേറ്റർ ആയി സേവനം ചെയ്തു. ഇദ്ദേഹത്തിന്റെ മരണത്തോടെ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ഇടയിൽ അർക്കദിയാക്കോൻ സ്ഥാനം ഇല്ലാതായി.

ഒന്നാം മാർത്തോമ്മായോടുകൂടെ മെത്രാൻ സ്ഥാനം നാട്ടുകാർക്കു ലഭിച്ചതോടെ അർക്കദിയാക്കോൻ സ്ഥാനത്തിന്റെ പ്രസക്തി അവിടെയും ഇല്ലാതായി. പാശ്ചാത്യ സുറിയാനി പാരമ്പര്യത്തിൽ അർക്കദിയാക്കോനു വലിയ സ്ഥാനമില്ലാത്തതും അതിന്റെ തിരോധാനത്തിനു കാരണമായി. കോർ എപ്പിസ്കോപ്പാ, റമ്പാൻ എന്നീ പദവികൽ അവിടെ പ്രാധാന്യമർഹിക്കുന്നു. എന്നാൽ, ജാതിക്കു കർത്തവ്യനായ അർക്കദിയാക്കോൻ സ്ഥാനത്തിന്റെ അധികാരമോ മഹത്വമോ അവയ്ക്കില്ല.

സഭയുടെ വിഭജനത്തിനു ശേഷം മാർത്തോമ്മാമാർ ഒരു കണക്കിൽ കുറവിലങ്ങാട്ടെ അർക്കദിയാക്കോന്മാരുടെ പിന്തുടർച്ചാവകാശം നിലനിർത്തുകയായിരുന്നു. 1817-വരെയുള്ള എല്ലാ മാർത്തോമ്മാമാരും കുറവിലങ്ങാട്ട് പകലോമറ്റം കുടുംബത്തിന്റെ വിവിധ ശാഖകളിൽ നിന്ന് വന്നിട്ടുള്ളതാണ്.

### ഇടവകയോഗവും അർക്കദിയാക്കോസും

മാർത്തോമ്മാ ക്രിസ്ത്യാനികളുടെ തനിമയെ പ്രകടമാക്കുന്ന ഒരു സംവിധാനമാണ് പള്ളിയോഗവും പള്ളി പ്രതിപുരുഷയോഗവും. പ്രായം ചെന്ന പുരുഷന്മാരും തദ്ദേശ വൈദികരും ഉൾപ്പെടുന്നതാണ് ഇടവകയോഗം. ദേശത്തു പട്ടക്കാരിൽ പ്രായം ചെന്ന ആൾ അദ്ധ്യക്ഷനായിരിക്കും. അദ്ദേഹം തന്നെയാണ് പള്ളിയിലെ മതകർമ്മാനുഷ്ഠാനങ്ങൾ നിയന്ത്രിച്ചിരുന്നത് പള്ളിയുടെ ഭൗതിക വസ്തുക്കളുടെയും ഇടവകാംഗങ്ങളുടെ ക്രിസ്തീയ ജീവിതത്തിന്റെയും മേലന്വേഷണം ഇടവക യോഗമാണ് നിർവ്വഹിച്ചിരുന്നത്. പരസ്യ പാപം സംബന്ധിച്ച കേസ്സുകൾ തീരുമാനിക്കുവാനും യോഗത്തിനു അധികാരമുണ്ടായിരുന്നു. വൈദികരെ നിശ്ചയിക്കാനും വൈദികാർത്ഥികളെ തിരഞ്ഞെടുക്കുവാനും പള്ളിയോഗത്തിന് അധികാരമുണ്ടായിരുന്നു. കേരള സംസ്ക്കാരത്തിൽ രൂപം കൊണ്ടു വളർന്ന ഒന്നായിരുന്നു പള്ളിയോഗങ്ങൾ എന്നത് വ്യക്തമാണ്.

പ്രാദേശിക സൂന്നഹദോസുകളിൽ വൈദികർക്കൊപ്പം ഇടവക പ്രതിനിധികളും പങ്കെടുക്കുകയും ചർച്ച ചെയ്യുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്തിരുന്നു. ഭൗതികവും ആദ്ധ്യാത്മികവുമായ കാര്യങ്ങളിൽ ഒരുപോലെ വൈദികനും അല്മായനും പങ്കു ചേർന്നു. 14,15 നൂറ്റാണ്ടുകളിലെ ചിത്രം, കേരള സഭ അന്ന് അനേകം ഇടവക യോഗങ്ങളുടെ ആകെത്തുകയായിരുന്നു എന്നതാണ്. ജാതിക്കു തലവനും അദ്ദേഹത്തിനു താഴെ പള്ളിയോഗവും എന്ന ക്രമമാണ് അന്ന് നിലിവിലുണ്ടായിരുന്നത്. അർക്കദിയാക്കോനിലൂടെ പകലോമറ്റം കുടുംബം അങ്ങനെ വലിയ നേതൃത്വം കേരള സഭയ്ക്കു നല്കി.

ആദിമ നൂറ്റാണ്ടുകളിൽ മൺറം എന്ന കൂട്ടങ്ങൾ ഗ്രാമങ്ങൾ തോറുമുണ്ടായിരുന്നു. ജനങ്ങളുടെ കൂട്ടത്തിനും അവർ കൂടുന്ന സ്ഥലത്തിനും ഈ പേരുണ്ടായിരുന്നു. ഗ്രാമത്തിലെ ജനങ്ങളുടെ ജീവിതം നിയന്ത്രിച്ചിരുന്നത് മൺറങ്ങളായിരുന്ന (പതിറ്റുപത്ത് 23-5, 25-4, 29-9). ബുദ്ധമതക്കാരുടെ സംഘങ്ങളും ബ്രാഹ്മണരുടെ ബ്രഹ്മദേയവും ക്രിസ്ത്യനികളുടെ പള്ളിയോഗങ്ങൾ രൂപവത്ക്കരിക്കാൻ പ്രേരണയായി.

## പറമ്പിൽ ചാണ്ടി മെത്രാൻ

ഇന്ത്യയിലെ സഭയിൽ ആദ്യനൂറ്റാണ്ടുകളിൽ നമുക്ക് പുരോഹിതന്മാരും പുരോഹിത ശ്രേഷ്ഠരുമുണ്ടായിരുന്നിരിക്കണം. എന്നാൽ പിന്നീട് ഏറെക്കാലങ്ങൾക്കു ശേഷം 1663 ജനുവരി 31-ന് ആണ് നമുക്ക് ഒരു സ്വദേശി മെത്രാനെ ലഭിച്ചത്. അദ്ദേഹം കടുത്തുരുത്തി. പള്ളിയിൽ വച്ച് അഭിഷിക്തനായ പറമ്പിൽ ചാണ്ടി മെത്രാനാണ്. അദ്ദേഹം ചരിത്രത്തിൽ വിവിധ നാമങ്ങളിൽ അറിയപ്പെടുന്നു.

പകലോമറ്റത്തെ മൂലത്തറവാട്ടിൽ നിന്ന് പറമ്പ്രംകരയിൽ ചെന്നു താമസിച്ച ഒരു ശാഖയാണ് പറമ്പിൽ. മുട്ടുചിറ പള്ളി പണിത കാലത്ത് അവർ മുട്ടുചിറയിലേയ്ക്ക് മാറി. പറമ്പൻ മാളിക ഏകദേശം രണ്ടു നൂറ്റാണ്ടു മുമ്പു വരെ പറമ്പ്രം കരയിൽ നിലനിന്നിരുന്നു.

പറമ്പിൽ കുടുംബത്തിൽ പെട്ട കുര്യാക്കോസ് എന്ന ആൾ കുടക്കശ്ശേരിയിലെ അച്ചുണ്ണിയമ്മയെ (ആഗ്നസ്സ്) വിവാഹം ചെയ്ത് ദത്തു കയറി. ഈ ദമ്പതികളുടെ പുത്രനാണ് ചാണ്ടി മെത്രാൻ. അപ്പന്റെ പേരിൽ നിന്ന് പറമ്പിലും ഗോത്രനാമത്തിൽ നിന്ന് പകലോമറ്റവും ചാണ്ടി മെത്രാനു ലഭിച്ചു. മാതൃഗൃഹം കുടക്കശ്ശേരിയും അതിന്റെ തറവാട് പള്ളിവീടും അതിന്റെ പ്രശസ്ത ശാഖ പനങ്കുഴയുമാകയാൽ അദ്ദേഹം ആ പേരുകളിലും അറിയപ്പെടാനിടയായി. എഴുത്തു കുത്തുകളിൽ അദ്ദേഹം പറമ്പിൽ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഡികാംബോ എന്നത് പറമ്പിലിന്റെ ലാറ്റിൻ പദമാണ്. കുറവിലങ്ങാട് പള്ളിവികാരിയായിരുന്നതുകൊണ്ട് കുടുക്കശ്ശേരി, പള്ളിവീട്, പനങ്കുഴ എന്നീ നാമങ്ങളിൽ അദ്ദേഹം അറിയപ്പെട്ടു.

തോമാ അർക്കദിയാക്കോനെ പറമ്പിൽ തുമി എന്ന് മാർ സെബസ്റ്റ്യാനി വിളിക്കാനിടയായത് ഒരു തെറ്റിദ്ധാരണയുടെ ഫലമായിരിക്കാനാണ് സാദ്ധ്യത. ചാണ്ടി മെത്രാൻ പറമ്പിൽ ആയതുകൊണ്ട് അദ്ദേഹത്തിന്റെ സഹഗോത്രക്കാരനായ തോമ്മാ അർക്കദിയാക്കോനേയും പറമ്പിൽ ആയി അദ്ദേഹം കരുതിയതാണ്. അദ്ദേഹം പറമ്പിൽ ജനിച്ചതായി ഒരു പാരമ്പര്യവുമില്ല. പകലോമറ്റത്തിന്റെ മറ്റൊരു ശാഖയിൽപെട്ട ആളാണ് അദ്ദേഹം. അതേ സമയം ചാണ്ടി മെത്രാന്റെ വികാരി ജനറാളും അർക്കദിയാക്കോനും പറമ്പിൽ കുടുംബത്തിൽപ്പെട്ടവരാണ്.

ചാണ്ടി മെത്രാന് തന്റെ ഭരണകാലത്ത് കേരളത്തിലുണ്ടായിരുന്ന 117 പള്ളികളിൽ 71 പള്ളികൾ മുഴുവനായും 18 പള്ളികൾ ഭാഗികമായും തന്നോടൊപ്പം കൊണ്ടുവരാൻ സാധിച്ചുവെന്നത് അദ്ദേഹത്തിന്റെ വലിയ നേട്ടമാണ്. 1687 ഡിസംബർ 23-ന് അദ്ദേഹം ദിവംഗതനായി. കുറവിലങ്ങാട് ദേവാലയത്തിൽ അദേ ദേഹത്തിന്റെ ഭൗതികാവശിഷ്ടം അടക്കം ചെയ്തിരിക്കുന്നു.

## മാർത്തോമ്മാ മെത്രാന്മാർ

കൂനൻ കുരിശിനുശേഷം പിളർന്ന ഭാരതസഭയുടെ ഒരു വിഭാഗത്തെ നയിച്ച ആദ്യത്തെ 9 മാർത്തോമ്മാ മെത്രാന്മാരും പകലോമറ്റം കുടുംബക്കാരും കുറവിലങ്ങാടിനോട് ബന്ധപ്പെട്ടവരുമായിരുന്നു. പകലോമറ്റം പാരമ്പര്യം അനുസ്യൂതം തുടർന്നു കൊണ്ടുപോകുന്നതിന് അവർ അങ്ങേയറ്റം ശ്രദ്ധിച്ചിരുന്നു.

**ഒന്നാം മാർത്തോമ്മാ**

കൂനൻകുരിശു സത്യത്തെത്തുടർന്ന് അന്നത്തെ അർക്കദിയാക്കോനായിരുന്ന തോമ്മാ, ഒന്നാമത്തെ മാർത്തോമ്മാ മെത്രാനായി അവരോധിക്കപ്പെട്ടു.

അന്നത്തെ പോർട്ടുഗീസ് അധികാരികളുടെ തെറ്റായ നീക്കം ഇതിനു വഴി തെളിച്ചു. കുറവിലങ്ങാട് പകലോമറ്റം വടക്കേടത്തു കുടുംബശാഖകളിലൊന്നിൽ പെട്ട ആളാണ് അദ്ദേഹം. പൗളിനോസ് പാതിരി, പറമ്പിൽ തുമി എന്ന് ഇദ്ദേഹത്തെ ചിത്രീകരിച്ചിരിക്കുന്നത് ശരിയാകാൻ നിവൃത്തിയില്ല. പറമ്പിൽ പിറന്ന ആളാണ് ഇദ്ദേഹമെന്നതിന് കുറവിലങ്ങാട്ടു പാരമ്പര്യമില്ല (സി.കെ.മറ്റം, 165). ചാണ്ടി മെത്രാന്റെ ചിറ്റപ്പൻ, കാരണവർ, സഹോദരപുത്രൻ എന്നൊക്കെയുള്ള സൂചനകൾ, വിദേശീയർ കൃത്യമായി പഠിക്കാതെ ചാണ്ടി മെത്രാന്റെ കുടുംബക്കാരനെന്ന നിലയിൽ അദ്ദേഹവുമായി ബന്ധിപ്പിക്കാൻ ശ്രമിച്ചതിന്റെ ഫലമാകാനാണ് സാധ്യത. പോർച്ചുഗീസ് രേഖകളിൽ പറമ്പിൽ എന്നു കാണുന്നത് പകലോമറ്റം എന്ന പാഠഭേദത്തോടെ വായിക്കുന്നതിൽ തെറ്റില്ല. സംഘർഷപൂരിതമായിരുന്നു മാർത്തോമ്മാ ഒന്നാമന്റെ ജീവിതം. 1670 ഏപ്രിൽ 22-ന് അദ്ദേഹം ദിവംഗതനായി. അങ്കമാലിയിലെ സെന്റ് മേരീസ് ദേവാലയത്തിൽ കബറടക്കപ്പെട്ടു.

**രണ്ടാം മാർത്തോമ്മാ**

ഒന്നാം മാർത്തോമ്മായുടെ സ്വന്തം സഹോദരപുത്രനായ ഇദ്ദേഹം തന്റെ ആസ്ഥാനമായ നിരണത്തു വച്ച് 1686 ഏപ്രിൽ 13-ന് ദിവംഗതനായി. സെന്റ് മേരീസ് പള്ളിയിൽ സംസ്ക്കരിക്കപ്പെട്ടു.

**മൂന്നാം മാർത്തോമ്മാ**

രണ്ടാം മാർത്തോമ്മായുടെ സഹോദരനായിരുന്നു മൂന്നാം മാർത്തോമ്മാ. രണ്ടു വർഷത്തെ ഭരണത്തിനുശേഷം 1688 ഏപ്രിൽ 19-ന് അദ്ദേഹം കടമ്പനാട് സെൻര് തോമസ് പള്ളിയിൽ വച്ച് ദിവംഗതനാവുകയും അവിടെത്തന്നെ സംസ്ക്കരിക്കപ്പെടുകയും ചെയ്തു.

**നാലാം മാർത്തോമ്മാ**

പകലോമറ്റം തറവാട്ടിൽ തന്നെ പെട്ട അറാക്കൽ കുടുംബത്തിലെ ഏക പുത്രനായിരുന്നു നാലാം മാർത്തോമ്മാ. മൂന്നാം മാർത്തോമ്മായുടെ നിർബന്ധത്തിനു വഴങ്ങിയാണ് കുറവിലങ്ങാട് പള്ളി വികാരിയായിരുന്ന ഇദ്ദേഹം മാർത്തോമ്മാ സ്ഥാനം സ്വീകരിച്ചത്. 40 കൊല്ലത്തോളം ഈ സ്ഥാനം വഹിച്ചതിനുശേഷം 1728 മാർച്ച് 24 ന് അദ്ദേഹം കാലധർമ്മം പ്രാപിച്ചു. കണ്ടനാട് സെന്റ് മേരീസ് പള്ളിയിൽ നിത്യവിശ്രമം കൊള്ളുന്നു.

**അഞ്ചാം മാർത്തോമ്മാ**

കുറവിലങ്ങാട് പള്ളിപ്പുറത്തു നിന്ന് ആണ്ടൂർക്ക് മാറിത്താമസിച്ച പകലോമറ്റം കുടുംബത്തിലാണ് അഞ്ചാം മാർത്തോമ്മാ ജനിച്ചത്. പിതാവ് വടക്കുംകൂർ രാജാവിന്റെ ഒരു വിശ്വസ്ത സേവകനായിരുന്നു. അദ്ദേഹത്തിന്റെ നാലുപുത്രന്മാരിൽ മൂന്നാമനായിരുന്നു അഞ്ചാം മാർത്തോമ്മാ. 1728-ൽ സ്ഥാനമേറ്റ ഇദ്ദേഹം 37 കൊല്ലം ഭരണം നടത്തി 1765 മെയ് എട്ടിന് കാലം ചെയ്ത് നിരണത്ത് സെന്റ് മേരീസ് പള്ളിയിൽ കബറടക്കപ്പെട്ടു.

**ആറാം മാർത്തോമ്മാ**

1765 മുതൽ 1808 ഏപ്രിൽ 8 വരെ മാർത്തോമ്മാ സ്ഥാനം അലങ്കരിച്ച ഇദ്ദേഹം അഞ്ചാം മാർത്തോമ്മായുടെ സഹോദരനായ മാത്യു തരകന്റെ ഏകപുത്രനായിരുന്ന ഐപ്പ് ആണ്. ബുദ്ധിമാനും ധീരനും പരമസാത്വികനുമായ ഇദ്ദേഹം വലിയ മാർ ദിവന്ന്യാസിയോസ് എന്ന പേരിൽ അറിയപ്പെടുന്നു. പുത്തൻകാവിൽ അദ്ദേഹം നിർമ്മിച്ച ദേവാലയത്തിൽ ഭൗതികാവശിഷ്ടങ്ങൾ പള്ളികൊള്ളുന്നു.

### ഏഴാം മാർത്തോമ്മാ

പള്ളിവടക്കേടത്തു നിന്ന കുറിച്ചിത്താനത്ത് കണ്ണോത്തു കുന്നേൽ താമസമാക്കിയ ഔസേപ്പിന്റെ പുത്രൻ മാത്തൻ ആണ് ഏഴാം മാർത്തോമ്മായായി 1808-ൽ വാഴിക്കപ്പെട്ടത് (നിരണം ഗ്രന്ഥവരി, 125).കണ്ട നാട്ട് ആയിരുന്നു ആസ്ഥാനം. 1809 ജൂലൈ നാലിന് മരിച്ച് കോലഞ്ചേരി പള്ളിയിൽ കബറടങ്ങി. ആറാം മാർത്തോമ്മായുടെ പെങ്ങളുടെ മകനാണിദ്ദേഹമെന്ന അഭിപ്രായം ശരിയല്ല.

### എട്ടാം മാർത്തോമ്മാ

ഏഴാം മാർത്തോമ്മായുടെ പിതൃസഹോദരനായ കുര്യാളയുടെ പുത്രൻ തൊമ്മനാണ് എട്ടാം മാർത്തോമ്മാ (നിരണം ഗ്രന്ഥവരി, 126). ഇദ്ദേഹവും കണ്ടനാട് ആസ്ഥാനമായി അഞ്ചുകൊല്ലം ഭരിച്ച് 1816 ജനുവരി 23-ന് കാലധർമ്മം പ്രാപിച്ച് പുത്തൻകാവ് സെന്റ് മേരീസ് പള്ളിയിൽ സംസ്ക്കരിക്കപ്പെട്ടു.

### ഒമ്പതാം മാർത്തോമ്മാ

നാമമാത്രമായി മാത്രമേ ഇദ്ദേഹത്തിന് മാർത്തോമ്മാ ആയിരിക്കാൻ കഴിഞ്ഞുള്ളൂ. ഇദ്ദേഹം എട്ടാം മാർത്തോമ്മായുടെ ചിറ്റപ്പൻ കടമറ്റത്തു തേക്കിലക്കാട്ടിൽ കുറ്റാരപ്പള്ളിൽ പോയി താമസിച്ച കുര്യാള യുടെ സഹോദരൻ ഐപ്പ് കത്തനാരായിരുന്ന (നിരണം ഗ്രന്ഥവരി, 126). ഇക്കാലത്ത് പുലിക്കോട്ടു ഇട്ടൂപ്പു റമ്പാൻ തിരുവിതാംകൂർ റസിഡന്റ് ആയിരുന്ന കേണൽ മൺറോയുടെ സഹായത്തോടെ ദിവന്ന്യാസോസ് രണ്ടാമൻ എന്ന പേരിൽ സഭാധികാരം പിടിച്ചെടുത്തു. നിവൃത്തിയില്ലാതെ ഒമ്പതാം മാർത്തോമ്മാ സ്ഥാന ത്യാഗം ചെയ്യുകയും സന്ന്യാസവര്യനായി കടമറ്റം പള്ളിയിൽ ശിഷ്ടകാലം ചെലവഴിക്കുകയും ചെയ്തു. 1817-ൽ ഇദ്ദേഹം ദിവംഗതനായി കടമറ്റം പള്ളിയിൽ സംസ്ക്കരിക്കപ്പെട്ടു. അതോടെ പകലോമറ്റം കുടും ബത്തിന്റെ പരമ്പരാഗതാവകാശം മാർത്തോമ്മാമാരുടെ കാര്യത്തിൽ അവസാനിച്ചു. ഈ മാർത്തോമ്മാ മാർക്ക് സവിശേഷമായി 7,8,9 മാർത്തോമാമാർക്ക് അർഹിക്കുന്ന പ്രാധാന്യം സഭാചരിത്രത്തിൽ കിട്ടാതെ പോയത് ഖേദകരമാണ്.

കൂനൻകുരിശു സത്യത്തിനു ശേഷം തുടർച്ചയായി പകലോമറ്റം കുടുംബത്തിൽ മാർത്തോമ്മാമാർ നിലനിന്നിരുന്നുവെന്നതിന് തെളിവാണ് എട്ടാം മാർത്തോമ്മാ 1812 ഏപ്രിൽ 20-ാം തീയതി മദ്രാസ് ഗവർൺമെന്റിനയച്ച പതിനേഴു ചോദ്യങ്ങൾക്കുള്ള മറുപടിക്കത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന കാര്യം. "ക്രിസ്താബ്ദം 345 മുതൽ 1308 സംവത്സരങ്ങളോളം സുറിയാനിസഭയെ ഭരിച്ചിട്ടുള്ള അർക്കദിയാക്കോ ന്മാരെല്ലാം പകലോമറ്റം കുടുംബത്തിലെ അംഗങ്ങളായിരുന്നു. പോർട്ടുഗീസുകാരുടെ കാലത്തിനു ശേഷം പ്രസ്തുത കുടുംബത്തിൽ എഴുത്തുകാരനെ കൂടാതെ ആറുമെത്രാന്മാരും ഒരു മെത്രാപ്പോലീത്തായും ഉണ്ടായിട്ടുണ്ട്."

ഇന്ന് എല്ലാ ക്രൈസ്തവ സഭാവിഭാഗങ്ങളിലും പകലോമറ്റം കുടുംബത്തിൽ നിന്നുള്ള മേല്പട്ട ക്കാരും നേതാക്കളും ധാരാളമുണ്ടെന്ന കാര്യം പ്രത്യേകം പ്രസ്താവ്യമാണ്.

### അങ്കമാലി

പോർട്ടുഗീസുകാരുടെ വരവിനു മുമ്പ് എറണാകുളം ജില്ലയിലെ അങ്കമാലി ക്രിസ്ത്യാനികളുടെ തല സ്ഥാനമായിരുന്നു.14-ാം നൂറ്റാണ്ടിൽ കുറവിലങ്ങാട്ടു നിന്ന് അർക്കദിയാക്കോന്മാർ അവിടെ ചെന്ന് അങ്ക മാലി തലസ്ഥാനമാക്കി. ഇന്നത്തെ ഹോർമ്മീസ് പള്ളി എ.ഡി. 450-ൽ ആരംഭിച്ചുവെന്ന് കരുതപ്പെടുന്നു. പകലോമറ്റം കുടുംബക്കാർ എ.ഡി. 450 നോടടുത്ത് അങ്കമാലിയിൽ വന്നു. പാലയൂർ നിന്ന് 70 കി.മീറ്റർ തെക്കോട്ടു യാത്ര ചെയ്ത് അവിടെ എത്തിയോ അഥവാ കുറവിലങ്ങാട്ടുനിന്ന് 70 കിലോമീറ്റർ യാത്ര ചെയ്ത് അവിടെ എത്തിയോ എന്നു പറയുക പ്രയാസം. അങ്കമാലിയിലും പരിസരത്തും ആയി മുന്നൂറി ലേറെ പകലോമറ്റം കുടുംബക്കാർ ഇന്നും ഉണ്ട്. അങ്കമാലിയിൽ നിന്നും കുടിയേറിയ പകലോമറ്റം കുടും

ബക്കാർ ധാരാളമുണ്ട്. അവസാനത്തെ പേർഷ്യൻ ബിഷപ്പ് മാർ അബ്രഹാം മരിച്ച് ഇവിടെ അടക്കപ്പെട്ടു. ഉദയംപേരൂർ സുന്നഹദോസിന് (1599 ജൂൺ 20-29) ശേഷവും അങ്കമാലിയായിരുന്നു സുറിയാനി ക്രിസ്ത്യാനികളുടെ കേന്ദ്രം. ലത്തീൻ കത്തോലിക്കരുടേത് കൊച്ചിയിലും. 1601-ൽ ലാറ്റിൻകാരായ ഫ്രാൻസിസ് റോസ് അങ്കമാലിയുടെ മെത്രാനായി. 1609-ൽ കൊടുങ്ങല്ലൂർ ഭദ്രാസനം ഉണ്ടാവുകയും അങ്കമാലി രൂപത ഇല്ലാതാവുകയും ചെയ്തു. റോസ് മരിക്കുന്നിടം വരെ (1624 ഫെബ്രുവരി 18) കൊടുങ്ങല്ലൂരും അങ്കമാലിയും ഭരിച്ചു. അങ്കമാലി പള്ളിയിലെ ശിലാഫലകത്തിൽ (1640) ഗീവർഗീസ് അർക്കദിയാക്കോന്റെ ഭൗതീകാവശിഷ്ടം പള്ളിക്കാർ ജീർണ്ണോദ്ദാരണത്തെത്തുടർന്ന്, അവിടെ പുനഃസ്ഥാപിച്ചുവെന്ന് സുറിയാനിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ചാണ്ടിമെത്രാന്റെ കാലത്തെ അർക്കദിയാക്കോൻ മത്തായി കുറവിലങ്ങാട്ടാണ് വസിച്ചിരുന്നത്. അങ്ങനെ അങ്കമാലിയിൽ മെത്രാനും അർക്കദിയാക്കോനും ഇല്ലാതായി. 1838-ൽ അങ്കമാലിക്കു പകരം ഉണ്ടാക്കിയ കൊടുങ്ങല്ലൂരും ഇല്ലാതായി. കൊടുങ്ങല്ലൂരും കൊച്ചിയും വരാപ്പുഴയുടെ കീഴിലാക്കി. ഇതിൽ തർക്കങ്ങൾ ഉത്ഭവിച്ചപ്പോൾ 1886-ൽ ലത്തീൻകത്തോലിക്കരെ കൊച്ചിരൂപതയുടെ കീഴിലും (കൊച്ചി ഗോവക്കീഴിലായിരുന്നു) സുറിയാനിക്കാരെ വരാപ്പുഴക്കീഴിലും കൊണ്ടുവന്നു. അതോടെ അങ്കമാലിക്കാലഘട്ടം അവസാനിച്ചു. അടുത്ത കാലത്ത് സീറോമലബാർ സഭയ്ക്ക് മേജർ എപ്പിസ്കോപ്പൽ സ്ഥാനം കിട്ടിയപ്പോൾ എറണാകുളം, അങ്കമാലി എന്ന് അതിന് പേര് നല്കിയിരിക്കുന്നു.

### നിരണം

മാർത്തോമ്മാ ശ്ലീഹാ സ്ഥാപിച്ച സമൂഹങ്ങളിൽ ഒന്നാണ് നിരണം. ഇന്നത്തെ ആലപ്പുഴ ജില്ലയിലാണിത്. ഏ.ഡി. 52-ൽ കേരളത്തിൽ വന്ന പ്ലീനി പറയുന്ന നീലക്കണ്ട നിരണം ആണെന്നു പറയുന്ന ചരിത്രകാരന്മാരുണ്ട്. മാർത്തോമ്മാ ശ്ലീഹാ പള്ളി സ്ഥാപിച്ചിടത്താണ് ഇപ്പോഴത്തെ ഓർത്തഡോക്സ് പള്ളി ഇരിക്കുന്നത് എന്നു വിശ്വസിക്കുന്നു. 14-ാം നൂറ്റാണ്ടിലെ ഉണ്ണിനീലിസന്ദേശത്തിൽ നിരണത്തെപ്പറ്റി പരാമർശമുണ്ട്. 1653-ലെ കൂനൻകുരിശു സത്യത്തിനു ശേഷം മലങ്കര സിറിയൻ സഭയുടെ തലസ്ഥാനം നിരണം ആയിരുന്നു.

നിരണം പള്ളിയിലുള്ള രു ശിലാലിഖിതത്തിൽ എ.ഡി.1259-ൽ പള്ളി പുതുക്കി പണിതു എന്നു കാണുന്നു. എ.ഡി 1250-തിനോടടുത്ത് പകലോമറ്റം തറവാട്ടിൽ നിന്ന് ചില പിതാക്കന്മാർ നിരണത്തേയ്ക്ക് കൊണ്ടുവരപ്പെട്ടു. ഇവിടത്തെ ബ്രാഹ്മണരുടെ തീണ്ടൽ, തൊടീൽ മാറ്റാനാണ് അവരെ കൊണ്ടുവന്നത്. പള്ളി പുതുക്കിപ്പണിയുന്നതിന് പകലോമറ്റം കാർ സഹായിച്ചു.

തൃക്കപാലേശ്വരം ശിവക്ഷേത്രം പള്ളിക്ക് ഒരു കിലോമീറ്റർ വടക്കും നിരണം കവികളുടെ കണ്ണശപറമ്പ് രണ്ടു ഫർലോംഗ് തെക്കും സ്ഥിതി ചെയ്യുന്നു.

### സാമൂഹ്യ-രാഷ്ട്രീയ ജീവിതം

സാമൂഹ്യ-രാഷ്ട്രീയ രംഗങ്ങളിൽ വളരെ ഉയർന്ന ഒരു സ്ഥാനം മാർത്തോമ്മാ ക്രിസ്ത്യാനികൾക്ക് കരഗതമായിരുന്നു. ബ്രാഹ്മണ മേധാവിത്വം ഇവിടെ ശക്തിപ്പെട്ടതിനു ശേഷം, അശുദ്ധമാക്കപ്പെടുന്ന വസ്തുക്കളും അമ്പലങ്ങളും തൊട്ടു ശുദ്ധമാക്കപ്പെടുന്നതിന് ക്രിസ്ത്യാനികളെ ഉപയോഗിക്കുന്ന പതിവ് ഉണ്ടായി. അമ്പലങ്ങളോടു ചേർന്ന് ക്രിസ്ത്യാനികളെ പാർപ്പിക്കുന്ന രീതിയും നിലവിൽ വന്നു. ബ്രാഹ്മണപാരമ്പര്യം ഉണ്ടായിരുന്ന പകലോമറ്റം കുടുംബക്കാരെ തന്നെ കുറവിലങ്ങാട്ടു നിന്ന് കൂട്ടിക്കൊണ്ടു വന്ന് വസ്തുക്കൾ ശുദ്ധീകരിക്കുന്നതിന് നിയോഗിക്കാറുണ്ടായിരുന്നു. ഇതിന്റെ പരിണിത ഫലമായിട്ടാണ് മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ഇടയിലും ജാതിചിന്ത ഉടലെടുത്തത്. തങ്ങളെത്തന്നെ ഉയർന്ന ജാതിയായി അവർ കണ്ടു.

രാജാക്കന്മാർ പലപ്പോഴായി ക്രിസ്ത്യാനികൾക്ക് നൽകിയ അവകാശങ്ങൾ അവരുടെ അന്തസ്സുയർത്താൻ പോന്നതായിരുന്നു. ക്നായിത്തൊമ്മൻ ചെപ്പേട്, ഇരവികർത്തൻ ചെപ്പേട്, തരിസാപ്പള്ളി ചെപ്പേട്

തുടങ്ങിയ താമ്രശാസനങ്ങൾ ക്രിസ്ത്യാനികൾക്ക് സാമൂഹികമായി ഉന്നതി നൽകുന്നവയായിരുന്നു. മാപ്പിള, തരകൻ, എന്നീ സ്ഥാനങ്ങൾ കച്ചവടക്കാർ എന്ന നിലയിൽ അവർക്ക് ലഭിച്ചതാണ്. ആനപ്പുറത്തു സഞ്ചരിക്കുക, പല്ലക്ക് ഉപയോഗിക്കുക, വീടുകൾക്ക് മേൽക്കൂരയുള്ള പ്രവേശനകവാടമുണ്ടാക്കുക, രാജാക്കന്മാരുടെ മുമ്പാകെ പരവതാനിയിൽ ഇരിക്കുക. ബ്രാഹ്മണപുരോഹിതന്മാർക്ക് തൊട്ടടുത്തുള്ള സ്ഥാനം ഉണ്ടായിരിക്കുക എന്നീ അവകാശങ്ങൾ അങ്ങനെ അവർക്ക് ലഭിച്ചിട്ടുള്ളതാണ്.

ഭക്ഷണത്തിലും വസ്ത്രത്തിലും പ്രത്യേകതകൾ ഉണ്ടായിരുന്നു (എ. ശ്രീധരമേനോൻ, കേരളചരിത്രം, 339). മാർത്തോമ്മാ ക്രിസ്ത്യാനികൾ ആദ്യകാലത്ത് വ്യാപാരികളും പിന്നീട് പ്രധാനമായും കൃഷിക്കാരുമായി. സൈനിക പരിശീലനം അവർ നേടിയിരുന്നു. പകലോമറ്റം കുടുംബങ്ങൾ ഈ അവബോധം തങ്ങളുടെ ജീവിതത്തിൽ പുലർത്തിയിരുന്നതായി കാണാം.

നാട്ടുരാജാക്കന്മാരുടെയും ഇടപ്രഭുക്കന്മാരുടെയും കാലത്ത് ഉദയംപേരൂർ കേന്ദ്രമാക്കി ഒരു രാജവംശം വില്ലാർവട്ടം എന്ന പേരിലുണ്ടായിരുന്നുവെന്ന് കാണുന്നു. പോർട്ടുഗീസുകാർ 15-ാം നൂറ്റാണ്ടിൽ ഇവിടെ എത്തുമ്പോൾ ഈ രാജവംശം അസ്തമിച്ചുപോയി. മാർത്തോമ്മാ ക്രിസ്ത്യാനികളുടെ രാഷ്ട്രീയ ശക്തിയെ അത് ശക്തിപ്പെടുത്തുന്നു.

ഈ രാജാവിനെപ്പറ്റി ഖണ്ഡിതമായി പറയാൻ സാധിക്കുന്നില്ലെങ്കിലും 14-ാം നൂറ്റാണ്ടിലെ ക്രിസ്ത്യാനികൾക്ക് വലിയ സ്വാധീനശക്തിയുണ്ടായിരുന്നെന്ന് വ്യക്തമാകുന്നു. (കൂടപ്പുഴ 131-34).

## കുടിയേറ്റങ്ങളും പകലോമറ്റം കുടുംബങ്ങളുടെ വികസനവും

വിവിധ കാലങ്ങളിൽ വിവിധ കാരണങ്ങളാൽ പകലോമറ്റം തറവാട്ടിൽ നിന്ന് അനേകർ കേരളത്തിന്റെ വിവിധ സ്ഥലങ്ങളിലേക്ക് കുടിയേറിയിട്ടുണ്ട്. ഈ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന വിവിധ കുടുംബങ്ങളുടെ ചരിത്രം അക്കാര്യം വ്യക്തമാക്കുന്നു. സേവകരായിട്ടും അമ്പലങ്ങളോടനുബന്ധിച്ച് അശുദ്ധമാകുന്ന വസ്തുക്കൾ ശുദ്ധമാക്കുന്നവരായിട്ടും രാജാക്കന്മാർ പല കുടുംബങ്ങളേയും കുറവിലങ്ങാട്ട് പകലോമറ്റം തറവാട്ടിൽ നിന്ന് കൂട്ടിക്കൊണ്ടു പോയിരിക്കുന്നു. ജീവിതസൗകര്യാർത്ഥം കൃഷിയും കച്ചവടവും തേടി പുതിയ തീരങ്ങളിലേക്കു പോയവർ ഏറെയുണ്ട്. കൂനൻകുരിശു സത്യത്തെ തുടർന്നുണ്ടായിട്ടുള്ള അഭിപ്രായ വ്യത്യാസങ്ങളുടെയും കലഹങ്ങളുടെയും പേരിൽ കുറവിലങ്ങാടിനോടു വിടപറയേണ്ടിവന്നവരുമുണ്ട്.

പത്താം നൂറ്റാണ്ടോടുകൂടി കേരളത്തിൽ ആര്യബ്രാഹ്മണത്വം അതിന്റെ അത്യുച്ചിയിലെത്തി. തൊട്ടുകൂടായ്മയും കണ്ടുകൂടായ്മയും ഇവിടെ മറ്റെങ്ങുമില്ലാത്തവണ്ണം രൂക്ഷമായി. തൊട്ടുകൂടായ്മയുണ്ടായാൽ കുളിക്കുന്നതിനു പകരം ക്രിസ്ത്യാനിയെക്കൊണ്ടു തൊടീച്ചാൽ മതി എന്ന ആചാരം നിലവിൽ വന്നു. ഇത് നമ്പൂതിരി ഇല്ലങ്ങൾക്കു മുമ്പിലും മഹാക്ഷേത്രങ്ങളോടടുത്തും നസ്രാണി ക്രിസ്ത്യാനികളെ കൊണ്ടുവന്നു താമസിപ്പിക്കാൻ ഇടയാക്കി. ബ്രാഹ്മണ പാരമ്പര്യമുള്ള പകലോമറ്റം കുടുംബത്തിൽപ്പെട്ടവരെ കുറവിലങ്ങാട്ടു നിന്നു കൊണ്ടുവരിക പതിവായി.

1485-ൽ വേണാട് രാജാവ് തിരുവിതാംകൂറിൽ കച്ചവടത്തിന്റെ കുത്തകാവകാശം ക്രിസ്ത്യാനികൾക്ക് നൽകി. ക്രിസ്ത്യാനികൾക്ക് മാപ്പിള എന്ന പേരുണ്ടായത് അങ്ങനെയാണ്. തെക്കൻ കേരളത്തിലെ കച്ചവടകേന്ദ്രങ്ങളിലേക്ക് ക്രിസ്ത്യാനികളുടെ കുടിയേറ്റമുണ്ടായി. അവർക്ക് ആരാധനയ്ക്കായി പണ്ഡിതരും വൈദികരും വേണമായിരുന്നു. കുറവിലങ്ങാട്ടു നിന്നു വൈദികരും വേണമായിരുന്നു. കുറവിലങ്ങാട്ടു നിന്നു വൈദികരെയും ആളുകളെയും ഈ അവശ്യത്തിലേക്കു കൊണ്ടുപോകാൻ തുടങ്ങി.

ഇതിനും പുറമേ വീരപാണ്ഡ്യനും സുന്ദരപാണ്ഡ്യനും തമ്മിൽ നടന്ന യുദ്ധത്തിന്റെ ഫലമായി 1313 -ൽ നിലയ്ക്കൽ നശിപ്പിക്കപ്പെട്ടു. അവിടെ നിന്ന് ക്രിസ്ത്യാനികൾ പലയിടങ്ങളിലേക്കും പലായനം ചെയ്തു.

ഇങ്ങനെ ഉണ്ടായിട്ടുള്ള ക്രിസ്ത്യൻ കേന്ദ്രങ്ങളിലേക്കും കുറവിലങ്ങാട്ടു നിന്ന് വൈദികരെ ക്ഷണിച്ചു കൊണ്ടുപോയി.

1543-ൽ പോർട്ടുഗീസുകാർ തേവലക്കര ക്ഷേത്രം ആക്രമിച്ചപ്പോൾ, വേണാട് രാജാവ് ക്രിസ്ത്യാനികൾ കൊല്ലത്തു നിന്ന് മാറണമെന്ന് കല്പിച്ചു. അങ്ങനെ ക്രിസ്ത്യാനികൾ മറ്റു സ്ഥലങ്ങളിലേക്കു മാറി. ആ പുതിയ സ്ഥലങ്ങളിലും കുറവിലങ്ങാട്ടു നിന്ന് പകലോമറ്റം കുടുംബത്തിലെ പുരോഹിതന്മാരെയും ആളുകളെയും ക്ഷണിച്ചു വരുത്തിയിട്ടുണ്ട്.

ഉദയംപേരൂർ സൂന്നഹദോസിനും കൂനൻകുരിശുസത്യത്തിനു ശേഷവും ധാരാളം പേർ കുറവിലങ്ങാട്ടു നിന്ന് പിരിഞ്ഞുപോകേണ്ടി വന്നു.

പുതിയ കൃഷിസ്ഥലങ്ങൾ തേടിയും പകലോമറ്റംകാർ യാത്ര തിരിച്ചിട്ടുണ്ട്. ഒപ്പം തൊഴിലന്വേഷിച്ച് വിദേശങ്ങളിലേക്കും. 1300-നും 1660-നും ഇടയ്ക്കാണ് കുറവിലങ്ങാട് പകലോമറ്റം കുടുംബത്തിൽ നിന്നും പ്രധാന കുടിയേറ്റങ്ങൾ നടന്നിട്ടുള്ളത്. പകലോമറ്റംകാരുടെ കുടിയേറ്റങ്ങൾമൂലം മൂലതറവാട്ടിലെ അംഗസംഖ്യ വളരെ കുറഞ്ഞുപോയി. വസ്തുവകകൾ അന്യാധീനമായി. പക്ഷേ, മറ്റൊരു കുടുംബക്കാർക്കും അവകാശപ്പെടാനാവാക്ക വിധം കേരളത്തിലെ എല്ലാ ക്രൈസ്തവകേന്ദ്രങ്ങളിലും, പകലോമറ്റംകാർ എത്തിച്ചേരുന്നതിനും വളരുന്നതിനും അത് കാരണമായി. ക്രൈസ്തവ മതനേതൃത്വത്തിൽ മാത്രമല്ല, മറ്റെല്ലാ സാമൂഹ്യ,രാഷ്ട്രീയ,സാംസ്ക്കാരികരംഗങ്ങളിലും വലിയ നേതൃത്വം കൊടുക്കുന്നതിന് അങ്ങനെ പകലോമറ്റംകാർ പ്രാപ്തരായി.